# ശിക്ഷാവിധിയിൽ നിന്നുള്ള മോചനം

ഗാരി സിഗ്ലർ

**"മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല. അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്."**(യോഹ 10:10)

കുറ്റം വിധിക്കുന്ന അവസ്ഥയിൽ നിന്ന് യേശു പഠിപ്പിച്ച മഹത്വമേറിയ, സ്വാതന്ത്ര്യമാർന്ന, സമൃദ്ധിയായ ജീവനിലേക്ക് ഞാൻ എത്തിച്ചേർന്ന അനുഭവം നിങ്ങളുമായി പങ്കു വയ്ക്കുവാൻ ആഗ്രഹിക്കുന്നു. യേശു പറഞ്ഞു "ഞാൻ വന്നത് നിങ്ങൾക്ക് ജീവൻ ഉണ്ടാകുവാൻ." കുറ്റം വിധിക്കുവാനോ, ഏതെങ്കിലും കുറെ നിയമസംഹിതകൾ തരാനോ അല്ല. ജീവൻ തരുവാൻ. ഈ ജീവൻ ഏതെങ്കിലും ഉപദേശങ്ങളോ പാഠങ്ങളോ അല്ല. അതിനപ്പുറമായി ഒരു അനുഭവമാണ്. നിങ്ങളുടെ ഉള്ളിന്റെയുള്ളിൽ ദൈവത്തിന്റെ ഒരു വിത്തുണ്ട്. ഒരു ദൈവപുത്രനായി നിങ്ങളെ രൂപാന്തരപ്പെടുത്തുവാൻ ആവശ്യമായ എല്ലാം തന്നെ ഈ വിത്തിൽ അടങ്ങിയിട്ടുണ്ട്. ജഡിക ജീവിതം അടിമത്വത്തിലേക്കും മരണത്തിലേക്കും നയിക്കുന്നു. ജഡികജീവിതത്തിൽ നിന്ന് ദൈവികജീവൻ പ്രാപിക്കുന്നതിനുവേണ്ടി അനേകവർഷം നിരന്തരമായി ശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു ക്രിസ്ത്യാനിയായിരുന്നു ഞാൻ. എന്നാൽ എത്രത്തോളം ഞാൻ ശ്രമിച്ചുവോ അത്രത്തോളം തന്നെ റോമാ ലേഖനത്തിൽ 7-ാം അദ്ധ്യായത്തിൽ വിവരിക്കുന്ന അനുഭവത്തിൽ തന്നെയായിരുന്നു ഞാൻ എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞു. ഞാനും ന്യായപ്രമാണങ്ങളിൽ രസിക്കുകയും അതേസമയം എന്റെ ബുദ്ധിയുടെ പ്രമാണത്തോട് പോരാടുന്ന മറ്റൊരു പ്രമാണം എന്റെ അവയവങ്ങളിൽ കാണുകയും ചെയ്തു. അടിമത്വത്തിലേക്കും മരണത്തിലേക്കും നയിക്കുന്ന ഒരു പ്രമാണം. ഈ അനുഭവത്തിൽ നിന്നും പുറത്തേക്ക് തുറന്നിട്ട ഒരു വഴിയുണ്ട്. എന്നാൽ അത് വിശുദ്ധിപ്രാപിക്കുവാനുള്ള ശ്രമങ്ങൾ, പാപത്തെ അതിജീവിക്കുവാനുള്ള ശ്രമങ്ങൾ, ചീത്ത സ്വഭാവങ്ങളിൽ നിന്നും മോചനം നേടാനുള്ള ശ്രമങ്ങൾ എന്നിവ കൊണ്ട് നേടുവാൻ കഴിയുന്ന ഒന്നല്ല. ദൈവത്തിന്റെ ഊർജ്ജദായകവും, ചൈതന്യദായകവും, ജീവൻ പകരുന്നതുമായ ആത്മാവിന്റെ പ്രവർത്തനത്താൽ നിങ്ങളുടെ ഉള്ളിന്റെയുള്ളിൽ രൂപം കൊള്ളുന്ന ദൈവികജീവന്റെ അനുഭവത്താൽ മാത്രമേ നിങ്ങൾക്ക് പാപത്തിൽ നിന്നും, അടിമത്വത്തിൽ നിന്നും ഒരു യഥാർത്ഥ വിടുതൽ പ്രാപിക്കുവാൻ കഴിയുകയുള്ളൂ.

## രക്തത്തെ ശരിയാം വണ്ണം വിലമതിക്കാം

**"ന്യായപ്രമാണ പ്രകാരം ഏകദേശം സകലവും രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല."** (ലേവ്യ : 9:22)

**എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അതിക്രമങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി; അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു. നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു. നാം ഓരോരുത്തരും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു. എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി.** (ഏശയ്യ 53:5,6)

കുറ്റകരമായ സകല പാപങ്ങളും യേശുവിന്റെ രക്തത്താൽ കഴുകപ്പെട്ടു. ലോകത്തിന്റെ സകലപാപങ്ങളും അവൻ കുരുശിൽ വഹിച്ചു. യേശുവിന്റെ രക്തത്തെ ദൈവം എപ്രകാരം വിലമതിക്കുന്നുവെന്ന് ശരിയാം വണ്ണം ഗ്രഹിക്കാതെ, അവന്റെ ജീവൻ നമ്മിൽ ഉണ്ട് എന്ന യാഥാർത്ഥ്യത്തിൽ ജീവിക്കുന്ന ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ ജീവിതം നമുക്കു സാദ്ധ്യമല്ല. രക്തത്തെക്കുറിച്ചു കേവലം ബുദ്ധിപരമായ ഒരു അറിവിന്റെ അപ്പുറം നമുക്ക് പോകാൻ കഴിയണം. അവൻ ചൊരിഞ്ഞ രക്തത്താലും അവന്റെ ജീവനാലും മാനവകുലത്തെ അവൻ വിലക്കുവാങ്ങിയെന്നും ദൈവത്തിനായി വീണ്ടെടുത്തുവെന്നും എന്ന സുവിശേഷം എല്ലാ ക്രിസ്ത്യാനികൾക്കും അറിവുള്ളതാണ്. വചനം പറയുന്നു. **"രക്തത്തിലാണ് ജീവൻ"**(ഉൽപ്പത്തി 9:4, ആവർത്തനം 12:23) സകല ശിക്ഷാവിധിയിൽ നിന്നും, കുറ്റബോധത്തിൽ നിന്നും, എല്ലാ നാണക്കേടിൽ നിന്നും അവന്റെ രക്തം നമുക്ക് മോചനം തന്നു. പിതാവായ ജൈവത്തന്റെ സന്നിധിയിലേക്ക് ഏതു സമയവും ഒരു സങ്കോചവും കൂടാതെ പ്രവേശിക്കുവാൻ നാം അർഹരായി.

## രക്തത്തിന്റെ ത്രിതല പ്രവാഹം

യേശുവിന്റെ രക്തം ആദ്യം ദൈവത്തിലേക്കും, രണ്ടാമത് മനുഷ്യനിലേക്കും ഒടുവിൽ അപവാദിയിലേക്കും പ്രവഹിക്കുന്നു. രക്തത്തിന്റെ ഈ മൂന്നു മാനങ്ങളെക്കുറിച്ച് നിങ്ങൾക്ക് ശരിയായ ഗ്രാഹ്യവും ബോധ്യവും ഉണ്ടെങ്കിൽ അത് നിങ്ങളെ പൂർണ്ണമായി സ്വതന്ത്രരാക്കും.

മനുഷ്യന്റെ പ്രശ്നം പാപമാണ്. പാപബോധത്തെക്കുറിച്ചു വളരെ ലളിതമായി പറഞ്ഞാൽ അതു ദൈവവുമായുള്ള വേർപാട് ആണ്. എപ്പോഴൊക്കെ നിങ്ങൾക്ക് ദൈവികസാന്നിദ്ധ്യവും കൂട്ടായ്മയും അനുഭവിക്കാൻ കഴിയുമോ അപ്പോഴൊക്കെ പാപചിന്ത നിങ്ങളെ അലട്ടുന്നില്ല.

**എല്ലാവരും പാപംചെയ്തു ദൈവ തേജസ്സ് ഇല്ലാത്തവരായി തീർന്നു. (റോമർ 3:23)**. ദൈവതേജസ്സ് ദൈവം മനുഷ്യർക്ക് വേണ്ടി ആദിയിലേ ഒരുക്കിയതാണ്. ദൈവത്തിൽ അടങ്ങിയിട്ടുള്ള എല്ലാം തന്നെ പൂർണ്ണമായി ഉൾക്കൊള്ളുവാൻ പ്രാപ്തമായ പാത്രങ്ങളായിട്ടാണ് നമ്മെ ഓരോരുത്തരെയും ദൈവം സൃഷ്ടിച്ചത്. സ്വയത്തം, പാപം, കൺമോഹം, ജഡമോഹം, ഉന്നതഭാവം എന്നിവ കുത്തിനിറക്കുവാനുള്ള പാത്രമായിട്ടല്ല നമ്മുടെ ശരീരത്തെ ദൈവം സൃഷ്ടിച്ചത്. നാം സൃഷ്ടിക്കപ്പെട്ടത് ദൈവതേജസ്സ് നിറയപ്പെട്ടവരായി ഭൂമിയിൽ ദൈവത്തെ പ്രകാശിപ്പിക്കുവാൻ വേണ്ടിയാണ്. നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ യാഥാർത്ഥ്യമായ ഉദ്ദേശ്യം അതായിരുന്നു. ദൈവത്തിന് തന്നെത്തന്നെ പ്രകാശിപ്പിക്കുവാൻ ഒരു ശരീരം ആവശ്യമായിരുന്നു. താൻ ഉല്പാദിപ്പിക്കുവാനിരുന്ന ജീവന്റെ വിഭിന്ന ഭാവങ്ങളെ സ്വയം അനുഭവിക്കുവാൻ ദൈവം ആഗ്രഹിച്ചതുകൊണ്ട് അവൻ മനുഷ്യനെ സൃഷ്ടിക്കുകയും തന്റെ ജീവശ്വാസം അവനിൽ ഊതുകയും ചെയ്തു.

ആദം യഥാർത്ഥത്തിൽ ഒരു ദൈവപുത്രനായിരുന്നു. അതുകൊണ്ടാണ് യേശുവിനെ രണ്ടാമത്തെ ആദമെന്നും അവസാനത്തെ മനുഷ്യനെന്നും വിശേഷിപ്പിക്കുന്നത്. പ്രപഞ്ചത്തിൽ ജീവന് രണ്ട് ഉത്ഭവസ്ഥാനങ്ങളേയുള്ളൂ. ഒന്ന് ആദ്യത്തെ ആദം, രണ്ട് അവസാനത്തെ ആദം. സ്വഭാവിക ജഡിക മനുഷ്യൻ, അവൻ ക്രിസ്ത്യാനി ആയിരുന്നാൽ കൂടി ആദ്യത്തെ ആദത്തിൽ നിന്നും തന്റെ ജീവൻ പ്രാപിക്കുന്നു. ആത്മീയ മനുഷ്യൻ രണ്ടാമത്തെ ആദമായ യേശുവിൽ നിന്നും ജീവൻ പ്രാപിക്കുന്നു.

സർപ്പത്തിന്റെ വശീകരണത്താൽ മനുഷ്യൻ ഏദനിൽ ദൈവവുമായുള്ള ഏകഭാവത്തിൽ നിന്ന് വീണുപോയി. അവൻ സ്വയത്തെക്കുറിച്ചു അവബോധം ഉള്ളവനായി. അവന്റെ ജീവിതം ദൈവത്തിൽ നിന്ന് അകന്നതും, ദൈവത്തിൽ നിന്നും വേർപ്പെട്ടതുമായി തീർന്നു. അന്നുമുതൽ മനുഷ്യൻ ദൈവവുമായി വീണ്ടും ഒരു സമ്പൂർണ്ണ ഒത്തുചേരലും കൂട്ടായ്മയും തേടികൊണ്ടിരിക്കുകയായിരുന്നു. എന്നാൽ അവന്റെ അറിവില്ലായ്മ മൂലം അതിനുവേണ്ടി ചിലതെല്ലാം ചെയ്യാനുണ്ട് എന്ന മിഥ്യാധാരണയിലായിരുന്നു. എല്ലാ ദിവസവും പ്രാർത്ഥിക്കുക, ബൈബിളിൽ നിന്ന് ഏതാനും അദ്ധ്യായങ്ങൾ വായിക്കുക, പാപത്തെ ചെറുത്ത് പ്രലോഭനങ്ങളെ അതിജീവിച്ച് ഒരു നല്ല മനുഷ്യനായി തീരുക, ഇതൊക്കെ വേണം എന്നാണ് അവൻ ധരിച്ചത്. **ഇതുതന്നെയാണ് നിങ്ങളുടെയും മനസ്സിൽ എങ്കിൽ നിങ്ങളും റോമർ 7-ാം അദ്ധ്യായത്തിലെ വിശ്വാസിയുടെ അനുഭവത്തിൽതന്നെയാണ്.** നാം ചെയ്യുന്ന പ്രവൃത്തികൾകൊണ്ട് ദൈവത്തിൽ നിന്ന് ഒരു ആനുകൂല്യവും ലഭിക്കുന്നില്ല. യേശുവിന്റെ രക്തം നമ്മെ എല്ലാവരെയും ദൈവത്തോട് യഥാസ്ഥാനപ്പെടുത്തിയിട്ടുണ്ട്. യേശുവിന്റെ രക്തത്തിലുള്ള വിശ്വാസവും ആശ്രയവും വഴി ദൈവത്തോട് അവിടുന്നു നമ്മുടെ പിതാവ് എന്ന നിലയിലുള്ള ഒരു ബന്ധത്തിലേക്കു കടന്നുവരാൻ നമുക്കുകഴിയുന്നു. നാം ദൈവത്തിന്റെ സാന്നിദ്ധ്യത്തെ ഇപ്രകാരം ഭൂമിയിലേക്കു കൊണ്ടുവരുന്നവരും സമാധാനവും. പുനരുദ്ധാരണവും നാം പോകുന്നിടങ്ങളിലെല്ലാം ഉളവാക്കുന്നവരും ആയിത്തീരുന്നു.

## എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു

നാം എല്ലാവരും ദൈവതേജസ്സ് ഇല്ലാത്തവരായിത്തീരുന്നു. പാപം മൂലം ജഡമനുഷ്യന് ദൈവഹിതം പൂർത്തീകരിക്കാൻ കഴിയുന്നില്ല. ദൈവതേജസ്സ് അവന്റെ മുഖപ്രകാശമാനമാണ്. ദൈവം എവിടെയുണ്ടോ അവിടെയെല്ലാം അവന്റെ തേജസ്സ് ഉണ്ട്. എബ്രായ ലേഖനത്തിന്റെ 1-ാം അദ്ധ്യായം 3-ാം വാക്യത്തിൽ യേശു ദൈവതേജസ്സിന്റെ പ്രഭയാണ് എന്നെഴുതിയിരിക്കുന്നു. ജീവോന്മുഖവും മനോജ്ഞവും ആയ ദൈവത്തിന്റെ പ്രഭ ഇപ്പോൾ നമ്മിലും വസിക്കുന്നു. ക്രിസ്തീയ ജീവിതം നിരന്തരമായി സ്വയം തിരുത്തുവാനും, നന്നാക്കുവാനും ഉള്ള ശ്രമമല്ല എന്ന് വീണ്ടും ഞാൻ ആവർത്തിച്ച് നിങ്ങളെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. ദൈവം തന്നെ നമ്മുടെ അന്തരംഗത്തിൽ ഇറങ്ങിവരുകയും, ജീവിക്കുകയും സമൃദ്ധിയായ ജീവൻപകരുകയും ചെയ്യുന്ന അനുഭവമാണ് ക്രിസ്തീയ ജീവിതം.

**"ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കുകയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നും രക്ഷിക്കപ്പെടും. ശത്രുക്കൾ ആയിരിക്കുമ്പോൾ തന്നെ നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടുള്ള നിരപ്പു വന്നുവെങ്കിൽ നിരന്നശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും." (റോമർ 5:8-10)**

ക്രിസ്തീയ ജീവിതത്തിന്റെ ആരംഭദിശയിൽ തന്നെ നാം മനസ്സിലാക്കിയിരിക്കേണ്ട വസ്തുത, നാം രക്ഷിക്കപ്പെട്ടതും, നീതീകരിക്കപ്പെട്ടതും നിലനില്ക്കുന്നതും, നാം ചെയ്യുന്ന പ്രവർത്തികൾ കൊണ്ടോ,

നമ്മുടെ വാക്കുകൊണ്ടോ അല്ല, **മറിച്ച്  അവന്റെ പ്രവർത്തിമൂലമാണ്** എന്ന യാഥാർത്ഥ്യമാണ്. അവന്റെ രക്തത്താൽ നാം നീതീകരിക്കപ്പെട്ടു. നാം എന്തെങ്കിലും ചെയ്താൽ നാം നീതീകരിക്കപ്പെടും എന്നല്ല, നാം നീതീകരിക്കപ്പെട്ടു എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ ക്രിസ്തു നമുക്കു വേണ്ടി മരിച്ചു. നമ്മെ ദൈവം തന്റെ മുമ്പാകെ നീതീകരിച്ചു. ഇപ്പോൾ അവന്റെ രക്തത്താലുള്ള നീതീകരണം മൂലം ദൈവകോപത്തിൽ നിന്നും നാം രക്ഷപ്രാപിക്കുകയും ചെയ്തു.

അവന്റെ ജീവനാൽ നാം രക്ഷിക്കപ്പെടും എന്ന് മേൽ വാകൃത്തിൽ പറയുന്നു. ജീവൻ എന്ന പദം ഗ്രീക്കിലെ Zoe എന്ന വാക്കിൽ നിന്നാണ്. അതിന്റെ അർത്ഥം **"ദൈവിക ജീവൻ"** എന്നാണ്. യേശുവിന്റെ ജീവനാണ് നമ്മെ രക്ഷിക്കുന്നത്. നമ്മുടെ മാനുഷിക പ്രയത്നങ്ങൾ അല്ല. അവന്റെ ജീവനാൽ നാം രക്ഷിക്കപ്പെടുന്നു. നമ്മെ നീതീകരിച്ചതും, ശുദ്ധീകരിച്ചതും സ്വതന്ത്രരാക്കിയതും അവിടുത്തെ സാന്നിദ്ധ്യത്തിലുള്ള കൂട്ടായ്മയിലേക്ക് പ്രവേശിക്കുവാൻ നമ്മെ പ്രാപ്തരാക്കിയതും എല്ലാം **അവിടുത്തെ** പ്രവർത്തിയാണ് എന്നുള്ള അറിവാണ്.

## അവന്റെ കൃപയാൽ സൗജന്യമായി

**"അതുകൊണ്ട് ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല. എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു. അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്. " (റോമ 3:20-24).**

റോമർ 3-ാം അദ്ധ്യായത്തിലെ 23,24 എന്നീ വാകൃങ്ങൾ ഒന്നിച്ചു വായിക്കേണം. 23-ാം വാകൃത്തിൽ പറയുന്ന കാര്യം എത്രയോ തവണ നിങ്ങൾ ആവർത്തിച്ചു കേട്ടിട്ടുണ്ട്. **എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് നഷ്ടമാക്കി..** ഇവിടെ വച്ച് നാം അവസാനിപ്പിച്ചാൽ യഥാർത്ഥ പ്രശ്നത്തിനുള്ള ഉത്തരം നഷ്ടമാകുന്നു. 3:23. ഒരു വാകൃത്തിന്റെ അവസാനമല്ല. **"എല്ലാവരും പാപംചെയതു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു. അവന്റെ കൃപയാൽ യേശു ക്രിസ്തുവിങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്."** ഇതു ഒറ്റ വാചകമായിത്തന്നെ വായിക്കേണം. നാം നമ്മുടെ പരാജയങ്ങളിലും, നമ്മുടെ കുറവുകളിലും അല്ല നോക്കേണ്ടത് യേശുവിന്റെ രക്തത്തിലേക്കാണ്.

**"വിശ്വസിക്കുന്നവർക്കു അവൻ തന്റെ  രക്തം മൂലം പായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു. ദൈവം തന്റെ പൊരുമയിൽ (through the forbearance of God) മുൻ കഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുക നിമിത്തം തന്റെ നീതിയെ പ്രദർശിപ്പിക്കുവാൻ, താൻ നീതിമാനും യേശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനും ആകേണ്ടതിന് ഇക്കാലത്തു തന്റെ നീതിയെ പ്രദർശിപ്പിക്കുവാൻ തന്നെ അങ്ങനെ ചെയ്തത്." (റോമൻ 3:25-26)**

ദൈവത്തിന്റെ മുമ്പാകെ നീതീകരിക്കപ്പെടുവാൻ ശ്രമിക്കുന്നതിനു പകരം യേശുവിന്റെ രക്തത്തിലുള്ള നമ്മുടെ ലളിതമായ വിശ്വാസം വികസിപ്പിച്ചെടുക്കണം. നിങ്ങൾ നിങ്ങളുടെ സ്വന്തം പ്രവൃത്തിയിൽ ആശ്രയം വച്ചാൽ നിങ്ങൾ പരാജയപ്പെടുമ്പോൾ കുറ്റാരോപണത്തിനു വിധേയമാകുന്നു. യേശുവിന്റെ രക്തത്തിലാണ് ആശ്രയം എങ്കിൽ നിങ്ങൾ പരാജയപ്പെടുന്ന ഉടനെ പാപക്ഷമയാചിക്കുകയും, ദോഷം ആരോപിക്കപ്പെടുന്ന അവസ്ഥയിൽ നിന്ന് മോചനം പ്രാപിക്കുകയും ചെയ്യുന്നു. നമ്മുടെ ദൈവിക അവബോധവും ദൈവസാന്നിദ്ധ്യവും നമ്മുടെ ജീവിതത്തിൽ നിന്നും നഷ്ടപ്പെടുകയും ഇല്ല. **"അവന്റെ കൃപയാൽ സൗജന്യമയി നീതീകരിക്കപ്പെടുന്നു."** ദൈവമുമ്പാകെ എന്നെ നീതീകരിക്കുന്നത് എന്താണ്? ഞാൻ ഇന്ന് പ്രാർത്ഥിച്ചതു കൊണ്ടും ബൈബിൾ വായിച്ചതു കൊണ്ടുമാണോ ഞാൻ നീതീകരിക്കപ്പെട്ടത്?

**"ദൈവം......... തന്റെ നീതിയെ പ്രദർശിപ്പിക്കുവാൻ തന്നെ അങ്ങനെ ചെയ്തത്. ആകയാൽ പ്രശംസ എവിടെ? അതു പൊയ്പ്പോയി. ഏതു മാർക്ഷത്താൽ? കർമ്മമാർക്ഷത്താലോ? അല്ല, വിശ്വാസ മാർക്ഷത്താലത്രേ. അങ്ങനെ മനുഷ്യൻ ന്യായപ്രമാണത്തിന്റെ പ്രവൃത്തി കൂടാതെ വിശ്വാസത്താൽ തന്നെ നീതീകരിക്കപ്പെടുന്നു എന്നു നാം അനുമാനിക്കുന്നു." (റോമ 3:26-28)** ദൈവമുമ്പാകെ എന്നെ നീതീകരിക്കുന്നത് ഇതു മാത്രമാണ്. എന്നെതന്നെ നീതീകരിക്കാൻ ഞാൻ ശ്രമിക്കേണ്ടതില്ല. യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലം ഞാൻ നീതികരിക്കപ്പെട്ടു. എന്റെ കുറ്റങ്ങളേയും കുറവുകളേയും കുറിച്ച് ഞാൻ ബോധവാനാണ്. ദൈവവുമായുള്ള എന്റെ കൂട്ടായ്മക്ക് ആധാരം  എന്റെ സ്വാഭാവമാണെങ്കിൽ, എന്റെ മനസ്സാക്ഷി നിറയെ കുറ്റബോധമായിരിക്കുകയും, ദൈവമുമ്പാകെ വരുവാൻ തക്ക ഗുണവിശേഷം എന്നിലില്ല എന്നു വിചാരിക്കുകയും ചെയ്യും. ഇന്ന് അനേകം ക്രിസ്ത്യാനികൾക്ക് ദൈവവുമായുള്ള അടുത്ത ബന്ധത്തിൽ വരാൻ കഴിയാതെയും, അവൻ സംസാരിക്കുന്നത് കേൾക്കാൻ കഴിയാതെയും, അവനോടൊത്ത് നടക്കാൻ കഴിയാതെയും ഇരിക്കുന്നതിന്റെ കാരണം, അവരുടെ മനസ്സാക്ഷിയിൽ നിറഞ്ഞുനില്ക്കുന്ന കുറ്റബോധം മൂലമാണ്. യേശുവിന്റെ രക്തത്താൽ നാം സൗജന്യമായി നീതീകരിക്കപ്പെട്ടവരാണ്.

## ഓരോ നിമിഷവും പാപക്ഷമ ആവശ്യം

ഓരോ നിമിഷവും നമുക്ക് പാപക്ഷമ ആവശ്യമാണ്. നാളെയെക്കുറിച്ച് ഭാരപ്പെടരുത്. ഞാൻ എപ്പോഴും നാളെയെ ഓർത്തു ഭാരപ്പെടുന്ന ഒരു വ്യക്തിയായിരുന്നു. ഞാൻ ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു:- യേശുവേ, ഞാൻ ചെയ്ത ഈ കാര്യം നീ എന്നോടു ക്ഷമിക്കുന്നുവെന്ന് ഞാൻ അറിയുന്നു. എന്നാൽ നാളെയോ? വീണ്ടും നാളെ ഞാൻ അതു തന്നെയാണല്ലോ ചെയ്യാൻ പോകുന്നത്. നാളയെക്കുറിച്ച് ഭയപ്പെടരുത്. കാരണം യേശുവിന്റെ രക്തം ഇന്ന് എപ്രകാരം ഫലവത്തായിരിക്കുന്നുവോ അപ്രകാരം തന്നെ നാളെയും ഫലവത്തായിരിക്കും. നിങ്ങളുടെ നോട്ടം നിങ്ങളുടെ ചുറ്റുപാടുകളിൽ നിന്നും മാറ്റുകയും, ദൈവത്തിന്റെ മുമ്പിൽ നീതീകരിക്കാൻ നിങ്ങൾ ചെയ്യുന്ന പങ്കപ്പാടുകൾ അവസാനിപ്പിക്കുകയും ചെയ്യുക. അപ്പോൾ പരിശുദ്ധാത്മാവു നിങ്ങളിൽ ഉണരുകയും നീതിപ്രവൃത്തികൾ ചെയ്യാൻ നിങ്ങളെ സജ്ജമാക്കുകയും ചെയ്യും. നിങ്ങൾ വളരെ ഇച്ഛാശക്തിയുള്ള ഒരു വ്യക്തിയാണെങ്കിൽ ഒരു പരിധി വരെ പ്രമാണങ്ങൾ കാത്തുസൂക്ഷിക്കാൻ നിങ്ങൾക്ക് കഴിഞ്ഞെന്ന് വരാം. എന്നാൽ പിന്നീട് നിങ്ങൾ സ്വയം നീതീകരണമുള്ള ഒരു വ്യക്തിയായി രൂപാന്തരം പ്രാപിക്കുകയും നിങ്ങൾ ചെയ്യുന്നതുപോലെ ചെയ്യാൻ കഴിയാത്ത മറ്റു വ്യക്തികളെയെല്ലാം കുറ്റം വിധിക്കുന്നവനായി പരിണമിക്കുകയും ചെയ്യും. എത്ര പ്രാവശ്യം നിങ്ങൾ പറഞ്ഞിരിക്കാം. "ഞാൻ സിഗരറ്റ് വലി നിർത്തി. എന്തുകൊണ്ട് നിങ്ങൾക്ക് കഴിയുന്നില്ല". "ഞാൻ കുടി നിർത്തി എന്തുകൊണ്ട് നിങ്ങൾക്കാവുന്നില്ല". ഇത് സ്വയം നീതീകരിക്കുന്ന ഒരു വ്യക്തിയുടെ മനോഭാവമാണ്.

## ഇതാ ഞാൻ ആയിരിക്കുന്ന അവസ്ഥയിൽ തന്നെ വരുന്നു

ദൈവമുമ്പാകെ നാം വരുന്നത് യേശുവിന്റെ രക്തത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. എന്തുകൊണ്ടെന്നാൽ രക്തം ചിന്തപ്പെട്ടതുകൊണ്ട് എനിക്ക് എന്റെ പിതാവിന്റെ സന്നിധിയിൽ വരുവാനുള്ള അവകാശമുണ്ട്. ഞാനൊരു നീചപാപിയാണെന്നുള്ള തോന്നൽ എന്നിൽ ഉണ്ടായേക്കാം. ഇന്നു തന്നെ അനേക തവണ ഞാൻ പരാജയപ്പെട്ടേക്കാം. പക്ഷെ എന്റെ പാപവും പരാജയവും ദൈവാനുഭവത്തിൽ നിന്ന് എന്നെ തടയുവാൻ കഴിവുള്ളവയല്ല. യേശുവിന്റെ രക്തത്താൽ എനിക്ക് പിതാവിനോടുള്ള മധുരതരമായ കൂട്ടായ്മയിലേക്കു പ്രവേശിക്കുവാനുള്ള സ്വാതന്ത്ര്യം ലഭിക്കുന്നു. "അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്" എന്ന് ദൈവം പറയുന്നത് ലളിതമായി വിശ്വസിച്ചിട്ടല്ലാതെ അങ്ങോട്ടുള്ള പ്രവേശനം മറ്റൊരു വിധത്തിലും സാദ്ധ്യമല്ല.

### പാപം ചെയ്യുമ്പോൾ സംഭവിക്കുന്ന മൂന്നു കാര്യങ്ങൾ

**പാപബോധമുണരുമ്പോൾ മൂന്നു കാര്യങ്ങൾ സംഭവിക്കുന്നു:-**

1. എന്റെ മനസ്സാക്ഷിയിൽ ദൈവവുമായി വേർപാട്
2. കുറ്റബോധം
3. കുറ്റം ചുമത്തപ്പെടുന്ന അവസ്ഥ

യേശുവിന്റെ രക്തം ഈ മൂന്നു മേഖലകളിലും പരിപൂർണ്ണമായ പ്രതിവിധി നൽകുന്നുണ്ട്. പാപം മൂലം നമ്മുടെ മനസ്സാക്ഷിയിൽ ദൈവവുമായുള്ള കൂട്ടായ്മ ബന്ധം വേർപെടുകയും, കുറ്റബോധം സംഭവിക്കുകയും അപവാദി നമ്മെ കുറ്റം ചുമത്തുകയും ചെയ്യുന്നു. ഈ അനുഭവമുള്ള വ്യക്തിക്ക് ദൈവവുമായി ഒരു കൂട്ടായ്മ തുടരാൻ കഴിയുകയില്ല. ഇവിടെയാണ് യേശുവിന്റെ രക്തം നമ്മെ സഹായിക്കുന്നത്. നാം നേരത്തെ ചിന്തിച്ചതുപോലെ മൂന്നു വിധത്തിൽ രക്തത്തിന്റെ പ്രവാഹം സംഭവിക്കുന്നു. ദൈവത്തിലേക്ക്, മനുഷ്യനിലേക്ക്, അപവാദിയിലേക്ക്.

## രക്തം ദൈവത്തിന്

എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമായി രക്തം ആദ്യം ദൈവത്തിലേക്ക് പ്രവഹിക്കുന്നു. പഴയ നിയമത്തിൽ ഇതിനൊരു മാതൃകയുണ്ട്. വർഷത്തിൽ ഒരിക്കൽ മഹാപുരോഹിതൻ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിക്കുന്ന ഒരു പാപ പരിഹാരദിനമുണ്ട്. അതിവിശുദ്ധസ്ഥലം ദൈവികസാന്നിദ്ധ്യം വ്യാപരിക്കുന്ന സ്ഥലമാണ്. മഹാപുരോഹിതനു മാത്രമേ അവിടേക്ക് പ്രവേശനം ഉണ്ടായിരുന്നുള്ളൂ. യാഗരക്തവുമായി മഹാ

പുരോഹിതൻ അതിവിശുദ്ധസ്ഥലത്ത് പ്രവേശിക്കുകയും ഇസ്രായേൽ ജനതയുടെ മുഴുവൻ പാപത്തിനും പരിഹാരമായി അത് അർപ്പിക്കുകയും ചെയ്തിരുന്നു. ഇവിടെ രക്തത്തിന്റെ പ്രസക്തി ദൈവത്തിനു മാത്രമാണെന്ന കാര്യം സ്പഷ്ടമാണ്. കാരണം, ദൈവമല്ലാതെ മറ്റാരും ഇവിടെ രക്തത്തെ കാണുന്നില്ല. അതു ഇസ്രായേൽ ജനതയുടെ പാപത്തിന് പരിഹാരം കണ്ടെത്തി. ഇസ്രായേൽ ജനം ആ ദിവസത്തിനു വേണ്ടി കാത്തിരുന്നു. എന്തുകൊണ്ടെന്നാൽ അവർക്കറിയാമായിരുന്നു, ആ ദിവസമാണ് മഹാപുരോഹതൻ പാപപരിഹാരയാഗമായ രക്തവുമായി ദൈവിക സാന്നിദ്ധ്യത്തിലേക്ക് പ്രവേശിക്കുന്നതെന്ന്. ഇതിന്നർത്ഥം അന്ന് അവരുടെ പാപങ്ങൾക്ക് പരിഹാരം വരുകയും ഒരു പുതിയ തുടക്കം കുറിക്കുകയും ചെയ്യുന്നു എന്നായിരുന്നു.

## പെസഹാ

**അതിന്റെ (കുഞ്ഞാടിന്റെ) രക്തം കുറെ എടുത്ത് തങ്ങൾ തിന്നുന്ന വീടുകളുടെ വാതിലിന്റെ കട്ടിളക്കാൽ രണ്ടിന്മേലും പുരട്ടണം. ........ നിങ്ങൾ പാർക്കുന്ന വീടുകളിന്മേൽ രക്തം അടയാളമായിരിക്കും; ഞാൻ രക്തം കാണുമ്പോൾ നിങ്ങളെ ഒഴിഞ്ഞു കടന്നുപോകും; ഞാൻ മിസ്രയിം ദേശത്തെ ബാധിക്കുന്ന ബാധ നിങ്ങൾക്കു നാശഹേതുവായിത്തീരുകയില്ല..... യഹോവ മിസ്രയിമ്യരെ ദണ്ഡിപ്പിക്കേണ്ടതിനു കടന്നു വരും. എന്നാൽ കുറുമ്പടിമേലും കട്ടിളക്കാൽ രണ്ടിന്മേലും രക്തം കാണുമ്പോൾ യഹോവ വാതിൽ ഒഴിഞ്ഞു കടന്നു പോകും. നിങ്ങളുടെ വീടുകളിൽ നിങ്ങളെ ദണ്ഡിപ്പിക്കേണ്ടതിനു സംഹാരകൻ വരുവാൻ സമ്മതിക്കുകയില്ല. (പുറപ്പാട് 12:7, 13,23)**

ദൈവം രക്തത്തിലേക്ക് ദൃഷ്ടി അയ്ക്കുന്നതിന്റെ മറ്റൊരു ദൃഷ്ടാന്തം പെസഹയാണ്. (പുറപ്പാട് 12 -ാം അദ്ധ്യായം) ബാധ മിസ്രയിമിലെ കടിഞ്ഞൂൽ ജാതന്മാരെ സംഹരിക്കുവാൻ കടന്നു വരുമ്പോൾ കുഞ്ഞാടിന്റെ രക്തം അവരുടെ കട്ടിളക്കാലിൽ പുരട്ടുകയും, മാംസം ഭക്ഷിക്കുകയും ചെയ്യണമെന്ന് ദൈവം ഇസ്രായേൽ ജനത്തോട് കല്പ്പിച്ചു. രക്തവും കുഞ്ഞാടും വരുവാനിരുന്ന മിശിഹായെ കാണിക്കുന്നു. ഇന്നും നമുക്ക് രക്തവും കുഞ്ഞാടും ആവശ്യമായിരിക്കുന്നു. ശുദ്ധിക്കായുള്ള രക്തം മാത്രമല്ല കുഞ്ഞാടും നമുക്ക് ആവശ്യമാണ്. ആത്മീയ ഭക്ഷണം കൊണ്ട് എങ്ങനെ പുഷ്ടി പ്രാപിക്കാമെന്ന് നാം പഠിക്കേണ്ടിയിരിക്കുന്നു. വചനം ദൈവമായിരുന്നു. വചനം മാംസമായി. യേശു പറഞ്ഞു. **“നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവൻ ഇല്ല.........ഞാൻ പിതാവ് മൂലം ജീവിക്കുന്നതു പോലെ എന്നെ തിന്നുന്നവൻ എൻമൂലം ജീവിക്കും”. (യോഹ. 6:53, 57)**

വചനം ജഡമായിത്തീർന്നു. വചനത്തെ നാം ഉൾക്കൊള്ളുമ്പോൾ ആ കുഞ്ഞാടിനെയാണ് നാം ഭക്ഷിക്കുന്നത്. ഇസ്രായേൽ ജനത്തെ രക്ഷിച്ചതു വാതിൽ പടിയിലെ രക്തം മാത്രമാണ്. “രക്തം കാണുമ്പോൾ ഞാൻ നിങ്ങളെ വിട്ടുകടന്നുപോകും”. വീടിനകത്ത് ആരാണ് എന്നത് വിഷയമായിരുന്നില്ല. നിങ്ങൾ അകത്തും വാതിൽപ്പടിയിൽ രക്തവും മാത്രം മതി സംഹാരകൻ നിങ്ങളെ കടന്നുപോകാൻ. നിങ്ങൾ നല്ലവരും, നീതിമാന്മാരും, വിശുദ്ധരും ആയിരിക്കുന്നതുകൊണ്ടല്ല, നിങ്ങൾ അകത്തും പുറത്ത് രക്തവും ഉള്ളതുകൊണ്ടാണ്. ഇത് പഴയനിയമത്തിലെ മൃഗങ്ങളുടെ രക്തം. എന്നാൽ യേശുവിന്റെ രക്തം നമ്മുടെ പാപങ്ങളെ എത്ര അധികമായി കഴുകും. ഇന്നും ദൈവം പറയുന്നു. **“രക്തം കാണുമ്പോൾ ഞാൻ നിങ്ങളെ കടന്നുപോകും”**. തീർച്ചയായും നാം കുറവുകൾ ഉള്ളവർ തന്നെ. വിടുതൽ പ്രാപിക്കാൻ കഴിയാത്ത അനേക ചീത്ത സ്വഭാവങ്ങൾ നമുക്ക് ഉണ്ടെന്നിരിക്കാം. എന്നാലും ദൈവം പറയുന്നു: *“ഞാൻ നിങ്ങളുടെ പാപങ്ങളെ നോക്കുന്നില്ല; നിങ്ങളുടെ സ്വഭാവങ്ങളെ നോക്കുന്നില്ല. നിങ്ങളുടെ പരാജയങ്ങളെ കാണുന്നില്ല. ഞാൻ കാണുന്നത്, യേശുവിന്റെ രക്തം മാത്രം. അതുകാണുമ്പോൾ ഞാൻ നിങ്ങളെ കടന്നുപോകും. നിങ്ങളുടെ അവസ്ഥ ഞാൻ നോക്കുന്നില്ല. ഞാൻ നോക്കുന്നത് രക്തം മാത്രം”*.

## രക്തം പറയുന്നു: നിങ്ങളിൽ കുറ്റം ഇല്ല

**“എന്റെ നിമിത്തം ഞാൻ, ഞാൻ തന്നെ, നിന്റെ അതിക്രമങ്ങളെ മായിച്ചുകളയുന്നു. നിന്റെ പാപങ്ങളെ ഞാൻ ഓർക്കുകയും ഇല്ല” (ഏശയ്യാ 43:25)**

**“ഞാൻ കാർമുകിലിനെ പോലെ നിന്റെ ലംഘനങ്ങളേയും മേഘത്തെപ്പോലെ നിന്റെ പാപങ്ങളെയും മായിച്ചുകളയുന്നു. എങ്കലേക്കു തിരിഞ്ഞുകൊള്ളുക, ഞാൻ വീണ്ടെടുത്തിരിക്കുന്നു”. (ഏശയ്യാ 5:19)**

നിങ്ങൾ ഗ്രഹിക്കാൻ പോകുന്ന ഏറ്റവും വലിയ കാര്യം, ദൈവം നിങ്ങളുടെ പാപങ്ങളെ കണക്കിടുന്നില്ലായെന്നുള്ളതാണ്. അത് അസാദ്ധ്യമെന്ന് നിങ്ങൾ പറഞ്ഞേക്കാം. എന്നാൽ ഈ വചനം ശ്രദ്ധിക്കുക:- **“ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചുപോന്നു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേൽപ്പിച്ചിരിക്കുന്നു”.(2കൊരി 5:19)**. ദൈവം പ്രവർത്തി കൂടാതെ നീതി കണക്കിടുന്ന മനുഷ്യന്റെ ഭാഗ്യം ദാവീദും വർണ്ണിക്കുന്നത്:

**"അധർമ്മം മോചിച്ചും പാപം മറച്ചും**
**കിട്ടിയവർ ഭാഗ്യവാന്മാർ, കർത്താവ്**
**പാപം കണക്കിടാത്ത മനുഷ്യൻ**
**ഭാഗ്യവാൻ" (റോമ 4:6-8)**

പാപം കണക്കിടാത്ത മനുഷ്യൻ എന്നതു കൊണ്ടർത്ഥമാക്കുന്നത് അപ്രകാരമൊരു മനുഷ്യൻ ദൈവ മുമ്പാകെ കണക്കു കൊടുപ്പാൻ ബാദ്ധ്യസ്ഥനല്ല എന്നാണ്.

യേശുവിന്റെ രക്തം മുഖാന്തരം ദൈവം നമ്മുടെ അകൃത്യങ്ങൾ ഒന്നും കണക്കിടുന്നില്ല. നിങ്ങൾ യഥാർത്ഥമായി ഇതു ഗ്രഹിക്കുന്നുവെങ്കിൽ ഈ സത്യം നിങ്ങളെ പാപത്തിൽ നിന്ന് സ്വതന്ത്രർ ആക്കും. അവന്റെ രക്തത്തിലുള്ള പൂർണ്ണ വിശ്വാസത്താൽ കുറ്റം ചുമത്തലിൽ നിന്നും, പാപബോധത്തിൽ നിന്നും നമ്മെ വിടുവിക്കുന്നു. അവന്റെ രക്തത്തിൽ എങ്ങനെയാണ് നമുക്കു വിശ്വസിക്കാൻ കഴിയുക.? വചനം കേൾക്കുന്നതു കൊണ്ടും, ദൈവത്തിന്റെ വാക്കുകൾ വിശ്വസിക്കുന്നതു കൊണ്ടും ഒരാളിൽ വിശ്വാസം ജനിക്കുന്നു. ഏറ്റവും നീചനെന്നും നികൃഷ്ടനായ ക്രിസ്ത്യാനിയെന്നും എനിക്ക് സ്വയം തോന്നിയേക്കാം. എന്നാൽ ദൈവം എന്നോടിങ്ങനെ പറയുന്നു. *"ഞാൻ നോക്കുമ്പോൾ നിന്നിൽ രക്തം മാത്രമേ കാണുന്നുള്ളൂ"*. നാം മാരകമായി വീണു പോകുകയും ദൈവസാന്നിദ്ധ്യം നഷ്ടമാക്കുകയും ചെയ്യുന്ന സമയങ്ങൾ ഉണ്ട്. കുറ്റബോധത്തോടെ നാം നിൽക്കുകയും അപവാദി നമ്മെ ദൈവമുമ്പാകെ കുറ്റം വിധിക്കാൻ തുടങ്ങുകയും ചെയ്യുന്നു. എന്നാൽ നാം ക്രിസ്തുവിന്റെ രക്തത്തിൽ വിശ്വസിക്കുകയും ആശ്രയിക്കുയും ചെയ്യുന്ന വ്യക്തിയാണെങ്കിൽ ഉടനെ തന്നെ നാം ദൈവത്തിങ്കലേക്ക് തിരിയുകയും മനസ്സാക്ഷിയിൽ നിന്ന് പാപബോധം മാഞ്ഞുപോകുകയും ചെയ്യുന്നു. ദൈവവുമായ ഒരു നിരപ്പും സമാധാനവും പ്രാപിക്കുന്നു.

യേശുവിന്റെ രക്തത്തെ വേണ്ടും വണ്ണം വിലമതിക്കാത്തിടത്തോളം കാലം ദൈവസാമിപ്യത്തിന്റെ മാധുര്യവും മനോഹരത്വവും നിങ്ങൾക്ക് അനുഭവിക്കുവാൻ കഴിയില്ല. സ്വയം നീതീകരണം ദൈവം ഒരിക്കലും സഹിക്കുന്നില്ല. നിങ്ങളുടെ ധാർമ്മികത, നിങ്ങളുടെ സൽസ്വഭാവം, നിങ്ങളുടെ നന്മയെക്കുറിച്ചു നിങ്ങൾക്കുള്ള മതിപ്പ്, നിങ്ങളുടെ സ്വയനീതിബോധം. ഇവയൊന്നും ദൈവികസന്നിധിയിലേക്ക് കടന്നുവരാൻ നിങ്ങളെ പ്രാപ്തരാക്കുന്നില്ല. എന്നാൽ നിങ്ങൾ എത്ര പാപിയായിരുന്നാലും ആത്മാർത്ഥമായ ഒരു ഹൃദയമുണ്ടെങ്കിൽ അത് നിങ്ങളെ ദൈവസാമിപ്യത്തിലേക്ക് നടത്തും. എന്നാൽ നിങ്ങൾ പാപം ചെയ്തു പോയാൽ നിങ്ങൾ കുറ്റം വിധിയുടെ കീഴിൽ ഇരിക്കണ്ടതില്ല. നിങ്ങൾ ദൈവിക സാന്നിദ്ധ്യത്തിൽ നിന്ന് വേർപ്പെട്ടിരിക്കേണ്ടതില്ല. നിങ്ങൾ കുറ്റാരോപണത്തിനു വിധേയപ്പെട്ടും ഇരിക്കത്തില്ല. പിന്നെയോ യേശുവിന്റെ രക്തത്തിൽ വിശ്വസിക്കുക മാത്രം ചെയ്യുക. ഈ വിധത്തിൽ യേശുവിന്റെ രക്തത്തെ വിലമതിക്കുമ്പോൾ നിങ്ങൾ പല മേഖലകളിലും സ്വതന്ത്ര്യം പ്രാപിക്കുന്നവരാകും. യേശുവിന്റെ രക്തം എന്നും എപ്പോഴും ശുദ്ധീകരിക്കുന്നു. . യേശുവിന്റെ രക്തത്തിന്റെ സമർപ്പണം ദൈവത്തിന് പ്രിയമേറിയത്. **"ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്ക് സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു". (ഹെബ്രാ 10:14)**

**"ഇതാ ലോകത്തിന്റെ പാപങ്ങളെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്"** എന്നാണ് സ്നാപകയോഹന്നാൻ യേശുവിനെ ആദ്യമായി കാണുമ്പോൾ വിശേഷിപ്പിച്ചത്. നിങ്ങളുടെ നല്ല ജീവിതം കൊണ്ട് നിങ്ങൾ നീതീകരിക്കപ്പെടുന്നുവെന്ന് നിങ്ങൾ ചിന്തിക്കുന്നിടത്തോളം കാലം, നിങ്ങളുടെ പാപങ്ങളും നിങ്ങളുടെ സ്വഭാവരീതികളും നിങ്ങളെ നിരന്തരം ദൈവത്തിൽ നിന്നും വേർപെടുത്തുന്നുവെന്ന് നിങ്ങൾ വിചാരിക്കുന്നിടത്തോളം കാലം നിങ്ങൾ നിങ്ങൾ ദൈവമുമ്പാകെ നീതീകരിക്കപ്പെടുന്നില്ല. പാപമെന്ന പ്രശ്നത്തിന് ഏകപ്രതിവിധി യേശുവിന്റെ രക്തം മാത്രമാണെന്ന് നിങ്ങൾ തിരിച്ചറിഞ്ഞേ മതിയാവൂ.

# രക്തം മനുഷ്യന്

യേശുവിന്റെ രക്തം നിങ്ങളുടെ മനസ്സിൽനിന്ന് കുറ്റബോധം നീക്കുകയും, വിടുതൽ ആഗ്രഹിക്കുന്ന അനേക വിഷയങ്ങളിൽനിന്ന് മോചനം നൽകുകയും ചെയ്യും. രക്തത്തെക്കുറിച്ചുള്ള ഈ വെളിപാട് നിങ്ങളിൽ ഉണ്ടാകുകയും, അത് നിങ്ങളുടെ ഉള്ളത്തെ പ്രകാശിപ്പിക്കുകയും ചെയ്യുമ്പോൾ, രക്തത്തിന്റെ വില നിങ്ങൾ മനസ്സിലാക്കും. അത് വിടുതലിനുവേണ്ടിയുള്ള നിങ്ങളുടെ നിരന്തരമായ ശ്രമങ്ങളിൽനിന്നും പോരാട്ടങ്ങളിൽനിന്നും നിങ്ങളെ മോചിപ്പിച്ച് വിശ്രമത്തിലേക്ക് നയിക്കുന്നു. വിശ്രമത്തിൽകൂടി മാത്രമേ നമുക്ക് ദൈവത്തെ ശരിയായി അനുഭവിക്കാൻ കഴിയുകയുള്ളു. നിങ്ങളുടെ സൽപ്രവർത്തികൊണ്ടോ, സ്വയ നീതികൊണ്ടോ, നിങ്ങളുടെ അവസ്ഥയെ ന്യായീകരിക്കാനുള്ള ശ്രമങ്ങൾകൊണ്ടോ ദൈവസാമീപ്യത്തിലേക്ക് പ്രവേശിക്കാൻ നിങ്ങൾ യത്നിക്കുന്നുവെങ്കിൽ, ആ വിശ്രമത്തിലേക്കു നിങ്ങൾക്കു കടക്കുവാൻ കഴിയില്ല. വിശ്രമം എന്നാൽ വിശ്വാസം അർപ്പിക്കലാണ്. നൂറുവട്ടം വീണാലും എനിക്ക് ആശ്രയിക്കാൻ രക്തമുണ്ട് എന്ന വിശ്വാസം.

വീണ്ടും ജനിച്ച വ്യക്തികൾക്ക് ദൈവത്തിനായി കേഴുന്ന ഒരു ഹൃദയമുണ്ട്. പാപത്തിൽനിന്ന് വിടുതലിനുവേണ്ടി അവർ ആഗ്രഹിക്കുന്നു. എന്നാൽ അവർ ഗ്രഹിക്കാതെ പോകുന്ന ഒരു വസ്തുത, അത് അവർക്ക് സ്വന്തം പ്രയത്നത്താൽ സാധ്യമാണ് എന്ന തോന്നലാണ്. ഇത് വിശ്വാസത്തെ ഇല്ലായ്മ ചെയ്യുകയും ജഡത്തിൽ ആശ്ര

യിക്കുകയും സ്വയം നീതീകരണത്തിനായി ശ്രമിക്കുകയും കൃപയിൽനിന്ന് വീണുപോകുവാൻ കാരണമായി തീരുകയും ചെയ്യുന്നു. സ്വയംനീതീകരണം ആരേയും ദൈവമുമ്പാകെ നിരപ്പു പ്രാപിക്കാൻ സഹായിക്കുന്നില്ല. നിങ്ങൾ ഒരു പരാജയമായിരിക്കാം, നിങ്ങളുടെ കഴിഞ്ഞകാലം പാഴായിപ്പോയിരിക്കാം, ദുഃസ്വഭാവങ്ങൾ നിറഞ്ഞ വരായിരിക്കാം എന്നാലും ഓ ദൈവമേ,യേശുവിന്റെ രക്തം ഒരു ദൈവനിഷേധിയെക്കൂടി നീതീകരിക്കുന്നുവെന്ന് വചനത്തിൽ എഴുതിയിരിക്കകൊണ്ട് ഞാൻ നിനക്ക് നന്ദികരേറ്റുന്നു എന്ന് നിങ്ങൾക്ക് കരഞ്ഞപേക്ഷിക്കാൻ കഴ ിയും. എന്റെ ഹൃദയത്തിന്റെ തേങ്ങലുകൾക്ക് യേശുവിന്റെ രക്തം മറുപടി നൽകിയപ്പോൾ, ദീർഘകാലം ഒരു ദൈവനിഷേധിയായിരുന്ന ഞാൻ എത്ര നന്ദിയുള്ളവനായിത്തീർന്നു.

ഈ സത്യം ഗ്രഹിക്കുന്നതിനുമുമ്പ് ഞാൻ ആഴ്ചകളോളം കടുത്ത നിരാശയിൽ ആണ്ടുപോയ സാഹചര്യ ങ്ങൾ ഉണ്ടായിരുന്നു. ഞാൻ എന്റെ തന്നെ ഗുണങ്ങളിൽ ആശ്രയിക്കുകയായിരുന്നു. പിതാവുമായുള്ള കൂട്ടായ്മ എന്നെങ്കിലും എപ്പോഴെങ്കിലും എങ്ങനെയെങ്കിലും എനിക്ക് അനുഭവിക്കാൻ കഴിഞ്ഞേക്കുമെന്നാണ് ഞാൻ പ്രതീ ക്ഷിച്ചിരുന്നത്. എന്നാൽ അങ്ങനെയൊരവസ്ഥ എനിക്ക് ഒരിക്കലും സാധ്യമായിരുന്നില്ല. യേശുവിന്റെ രക്തത്തി ലുള്ള ആശ്രയം മാത്രമാണ് എന്റെ പാപാവസ്ഥക്കു പരിഹാരം എന്നും ആ രക്തത്തിലുള്ള ആശ്രയം മാത്രമാണ് എനിക്കാവശ്യമായിട്ടുള്ളതെന്നും ഞാൻ തിരിച്ചറിഞ്ഞപ്പോൾ ഞാൻ നീതീകരിക്കപ്പെട്ടു. ഞാൻ അതിന് അർഹ നായതുകൊണ്ടല്ല, മറിച്ച് യേശു അതിന് വില കൊടുത്തതുകൊണ്ടാണ്.

ഞാനിതുകേട്ടപ്പോൾ എനിക്കത് ഒരു വിധത്തിലും അംഗീകരിക്കുവാൻ കഴിയുമായിരുന്നില്ല. ഈ കാര്യം അവി ശ്വസനീയമാംവണ്ണം അത്ര ലളിതമായിരുന്നു. നമ്മുടെ ധാരണകൾക്കെല്ലാം അതീതമാണ് ദൈവത്തിന്റെ നന്മ. അതുകൊണ്ടുതന്നെ ആ നന്മയിൽ വിശ്വസിക്കാൻ നാം ക്ലേശപ്പെടുന്നു. പാപസ്വഭാവങ്ങളിൽ തുടരുകയും എന്നും വീഴ്ച പറ്റുകയും ചെയ്യുന്ന ഒരു വ്യക്തിക്ക് ദൈവസാന്നിദ്ധ്യം എങ്ങനെ അനുഭവിക്കാൻ പറ്റും? നിങ്ങൾ യേശു വിന്റെ രക്തത്തിൽ വിശ്വസിക്കുന്നുവെങ്കിൽ അത് നിങ്ങളെ കുറ്റബോധത്തിൽനിന്ന് മോചിപ്പിക്കും. ഉപദേഷ്ടാ ക്കൾ എന്നോട് പറഞ്ഞത് എന്റെ ജീവിതത്തിന്റെ അവസ്ഥ ദൈവസാന്നിദ്ധ്യത്തിൽ നിന്നും എന്നെ അകറ്റി നിർത്തിയിരിക്കുന്നുവെന്നാണ്. ഞാൻ ശരിയായി ജീവിക്കുകയും ശരിയായതു ചെയ്യുകയും വേണമെന്നാണ് എനിക്ക് കിട്ടിയ ഉപദേശം. കുതിരക്കു മുമ്പിൽ വണ്ടി കെട്ടുന്നതിന് തുല്യമാണിത്. പാപക്ഷമയും രക്തത്താ ലുള്ള കഴുകലും എന്താണെന്ന് ഞാൻ ഗ്രഹിച്ചാൽ അത് എന്നെ ദൈവീക സാമീപ്യത്തിന്റെ സന്തോഷം അനു ഭവിക്കാൻ പ്രാപ്തനാക്കുകയും  എന്റെ നില വ്യത്യാസം വരുത്തുകയും ചെയ്യും. ദൈവീകസാന്നിദ്ധ്യം ഉള്ള സാഹചര്യങ്ങളിൽ പാപത്തിന് ഒരു പ്രസക്തിയും ഇല്ല.

ദൈവജനം ഇന്നും മിസ്രയിം അടിമത്വത്തിൽതന്നെ കിടക്കുകയാണ്. ക്രിസ്ത്യാനികൾ ഇന്ന് ലോകത്തിനും ജഡത്തിനും എത്രത്തോളം അടിമകളായിരിക്കുന്നു എന്നതിന്റെ നിഴലാണ് ഇസ്രായേൽ ജനത മിസ്രയീമിൽ അനുഭവിച്ചിരുന്നത്. ദൈവാത്മാവിന്റെ ശക്തിയാലുള്ള വിടുതൽ യേശുവിന്റെ രക്തത്തിലുള്ള വിശ്വാസം വഴി സാധ്യമാണെന്ന കാര്യം ഗ്രഹിക്കാത്തതാണ് ക്രിസ്ത്യാനികൾ ഇന്നും അടിമത്തത്തിൽ കഴിയുന്നതിനു കാര ണം. പഴയ നിയമകാലത്തും രക്തം തന്നെയായിരുന്നു അവരെ പാപത്തിൽനിന്നും വിടുവിച്ചത്, അല്ലാതെ അവൻ നല്ലവരായതുകൊണ്ടല്ല. യേശുവിന്റെ രക്തത്തിൽ വളരെ ലളിതമായി ആശ്രയം വയ്ക്കുക.

ഓരോ പ്രഭാതത്തിലും ഉണർന്നെഴുന്നേല്ക്കുമ്പോൾ യേശുവിന്റെ രക്തം എന്റെ പാപങ്ങൾ കഴുകുന്നുവെന്ന ബോധം എത്ര സന്തോഷമാണ് എനിക്ക് നൽകുന്നത്. ഞാനിന്നും ഒരു പരാജിതനായിരിക്കും എന്ന തോന്നലോ ടെയാണ് ഓരോ പ്രഭാതത്തിലും ഞാൻ ഉണർന്നെഴുന്നേറ്റിരുന്നത്. എന്നാൽ യേശുവിന്റെ രക്തത്തിന്റെ വില അറിയുവാനും ദൈവത്തിന്റെ ക്ഷമ അനുഭവിക്കുവാനും കഴിയുന്ന മറ്റൊരു ദിവസം കൂടി എനിക്കു ലഭിച്ചുവെന്ന സന്തോഷത്തോടെ ഉണർന്നെണീക്കാൻ ഞാൻ പഠിച്ചു. പാപക്ഷമ ഒരു ബാങ്ക് നിക്ഷേപം പോലെയാണ്. എപ്പോഴും അത് അവിടെയുണ്ട്. ഒട്ടും തീർന്നു പോകാത്ത നിക്ഷേപം.

## നിത്യമായ വീണ്ടെടുപ്പ്

**ആട്ടുകൊറ്റന്മാരുടെയും പശുകിടാങ്ങളുടെയും രക്തത്താലല്ല സ്വന്തം രക്തത്താൽ തന്നെ (യേശു) ഒരി ക്കലായിട്ടു വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ചു. എന്നേക്കുമുള്ള വീണ്ടെടുപ്പു പ്രാപിച്ചു.** (ഹെബ്രാ 9.12)

പഴയ നിയമകാലത്ത് ആണ്ടിലൊരിക്കൽ മഹാപുരോഹിതൻ മൃഗങ്ങളുടെ രക്തവുമായി അതിവിശുദ്ധസ്ഥ ലത്ത് പ്രവേശിക്കണമായിരുന്നു. എന്നാൽ യേശു ഒരിക്കലായി പ്രവേശിച്ച് എന്നേക്കുമുള്ള വീണ്ടെടുപ്പ് നമുക്ക് നൽകി. വീണ്ടും ഒരു യാഗം നാം അർപ്പിക്കേണ്ടതില്ല. ഈ വീണ്ടെടുപ്പിനെക്കുറിച്ച് നാം ധ്യാനിച്ചാൽ മാത്രം മതി എന്നാണതിനർത്ഥം. നമ്മുടെ മഹാപുരോഹിതനായ യേശു ഒരിക്കലായിട്ട് അതിവിശുദ്ധസ്ഥലത്ത് പ്രവേശിച്ചു. അവൻ സ്വന്ത രക്തവുമായി പിതാവിന്റെ അടുക്കൽ ചെന്ന് നമുക്ക് വേണ്ടി വീണ്ടെടുപ്പ് വാങ്ങിത്തന്നു. ഈ വചനം നമ്മെ എത്രമാത്രം സംപ്രീതരാക്കണം. ഒട്ടുംതന്നെ ചോദ്യം ചെയ്യാതെ ഈ മാഹാത്മ്യം നാം അനുഭവി ക്കയാണ് വേണ്ടത്. കുഞ്ഞാടിന്റെ രക്തത്താൽ ഞാൻ എന്നന്നേക്കുമായി വീണ്ടെടുപ്പ് പ്രാപിച്ചു. ഞാനതു നേടി യെടുക്കേണ്ടതില്ല. ഞാനതിനുവേണ്ടി അദ്ധ്വാനിക്കേണ്ടതില്ല. അതു നഷ്ടപ്പെട്ടേക്കുമെന്നോർത്തു ഞാൻ ആകു ലപ്പെടേണ്ടതുമില്ല. വിശ്വസിക്കുന്നുവെങ്കിൽ നിങ്ങളെ ഇത് വളരെ ഉത്തേജിപ്പിക്കുക തന്നെ ചെയ്യും. ഞാൻ എത്ര

മാത്രം നന്ദിയുള്ളവനാണ്. അതേ, യേശു സ്വന്തം രക്തവുമായി അതിവിശുദ്ധസ്ഥലത്ത് ഒരിക്കലായി പ്രവേശിച്ച് എന്നന്നേക്കുമുള്ള വീണ്ടെടുപ്പ് എനിക്കു വാങ്ങിത്തന്നു.

## രക്തം നിങ്ങളുടെ മനസ്സാക്ഷിയെ ശുദ്ധീകരിക്കുന്നു

**ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴലല്ലാതെ കാര്യങ്ങളുടെ സാക്ഷാൽ സ്വരൂപമല്ലായ്കകൊണ്ട്, ആണ്ടുതോറും ഇടവിടാതെ കഴിച്ചു വരുന്ന യാഗങ്ങളാൽ അടുത്തുവരുന്നവർക്ക് സൽഗുണപൂർത്തി വരുത്തുവാൻ ഒരു നാളും കഴിവുള്ളതല്ല. അല്ലെങ്കിൽ ആരാധനക്കാർക്ക് ഒരിക്കൽ ശുദ്ധിവന്നതിനു ശേഷം പാപങ്ങളെക്കുറിച്ചുള്ള മനോബോധം പിന്നെ ഇല്ലായ്കകൊണ്ട് യാഗം കഴിക്കുന്നത് നിന്നു പോകയില്ലയോ. ഇപ്പോഴോ ആണ്ടുതോറും അവയാൽ പാപങ്ങളുടെ ഓർമ്മ ഉണ്ടാകുന്നു. കാളകളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തത്തിനു പാപങ്ങളെ നീക്കുവാൻ കഴിയുന്നതല്ല.** (എബ്രാ 10. 1-4)

ആണ്ടുതോറും മഹാപുരോഹിതൻ അതിവിശുദ്ധസ്ഥലത്തേക്ക് കൊണ്ടുചെല്ലുന്ന ആടിന്റെയും കാളയുടെയും രക്തത്തിന് ജനത്തെ പൂർണ്ണമായി ശുദ്ധീകരിക്കുവാൻ കഴിഞ്ഞില്ല. ആടുകളുടെയും കാളയുടെയും രക്തത്തിന് പാപങ്ങളെ മൂടുവാൻ മാത്രമേ കഴിയുമായിരുന്നുള്ളൂ. പാപത്തെ നീക്കുവാൻ അതിനു കഴിയുമായിരുന്നില്ല. പഴയ നിയമത്തിൻ കീഴിൽ നിങ്ങൾക്ക് ഒരു പുതിയ സ്വഭാവം ആർജ്ജിക്കുവാൻ കഴിയുമായിരുന്നില്ല. യാഗം പാപത്തെ മൂടുകകയും താല്കാലിക ക്ഷമ നൽകുകയും ചെയ്യുമായിരുന്നുവെങ്കിലും അതിന് ആന്തരികമായ ഒരു രൂപാന്തരം നൽകാൻ കഴിഞ്ഞിരുന്നില്ല. കാളകളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തം ഒരു നിഴൽ മാത്രമായിരിക്കുകയും അതിന് ഒരുവന്റെ പാപത്തെ നീക്കം ചെയത് അവനെ പൂർണ്ണനാക്കുവാൻ കഴിയാതിരിക്കുകയും ചെയ്യുമ്പോൾ യേശുവിന്റെ രക്തത്തിന്റെ സവിശേഷത എന്താണ്? അവൻ ഒരിക്കലായി പ്രവേശിക്കുകയും, നിത്യമായ വീണ്ടെടുപ്പ് പ്രാപിക്കുകയും, എല്ലാ പാപങ്ങളെയും വഹിക്കുയും ചെയ്തു. ഇത് നിങ്ങൾ ഗ്രഹിക്കുമ്പോൾ, അവൻ നിങ്ങൾക്ക് നേടിത്തന്നത് ഓർത്ത് നിങ്ങൾ സന്തുഷ്ടരാകും. പാപബോധവും കുറ്റബോധവുമാണ് നിങ്ങളെ ഭരിക്കുന്നതെങ്കിൽ യേശുവിന്റെ രക്തത്തിൽ നിങ്ങൾക്ക് സന്തുഷ്ടരാകാവാൻ കഴിയുകയില്ല. അവൻ നിങ്ങൾക്കുവേണ്ടി വിലകൊടുത്തതുകൊണ്ട് നിങ്ങളുടെ കുറ്റബോധത്തിൽ നിന്നും നിങ്ങളുടെ ദൃഷ്ടി അവനിലേക്ക് തിരിച്ചിട്ട് ആ കുറ്റബോധത്തിൽ നിന്നും സ്വതന്ത്രരാകുവാൻ നിങ്ങൾക്കു കഴിയും.

കണ്ടാലും - ലോകത്തിന്റെ പാപങ്ങളെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. ദൈവം നിങ്ങളുടെ പാപങ്ങളെ കാണുന്നില്ല. നിങ്ങളുടെ എല്ലാ കടങ്ങൾക്കും അവൻ വില നല്കി കഴിഞ്ഞു. നിങ്ങൾ കുറ്റക്കാരനല്ലെന്ന് അവൻ പ്രഖ്യാപിച്ചു കഴിഞ്ഞു.

**ഹനനയാഗവും വഴിപാടും നീ ഇച്ഛിച്ചില്ല. എന്നാൽ ഒരു ശരീരം നീ എനിക്ക് ഒരിക്കിയിരിക്കുന്നു.** (ഹെബ്രാ 10:5). മൃഗങ്ങളുടെ രക്തത്തിന് പാപത്തെ കഴുകുവാൻ കഴിയുകയില്ല. എന്നാൽ യേശുവിന് പിതാവിനോട് ഇങ്ങനെ പറയാനാവുന്നു. നീ എനിക്കു വേണ്ടി ഒരു ശരീരം ഒരുക്കിയിരിക്കുന്നു. അതുകൊണ്ട് ഞാൻ ദൈവമാകയാലും മനുഷ്യവർക്ഷത്തിലേക്ക് ഇറങ്ങിവന്നിരിക്കയാലും, ദൈവത്തിന്റെ കുഞ്ഞാടായി വസിക്കുകയും, എന്റെ ജീവൻ അർപ്പിക്കുകയും, എന്റെ രക്തവും ശരീരവും ഒരു യാഗമാക്കി തീർക്കുയും ചെയ്യും. അത് നിത്യതയോളം അങ്ങയുടെ ന്യായവിധിയുടെയും ഹൃദയത്തിന്റെയും പൂരകമായിത്തീരുകയും ചെയ്യും. എന്റെ ജനത്തിന്റെ പാപത്തിനും കുറ്റങ്ങൾക്കും എന്നേക്കുമായി അറുതി വന്നിരിക്കുന്നു. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു. **തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കുകയും ദൈവ സിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു.(എബ്രാ. 12.2)** അതുകൊണ്ട് ദൈവത്തിന്റെ ജനത്തെ അവരുടെ ദൈവത്തിന്റെ പക്കലേക്കു അവനു കൊണ്ടുവരുവാൻ കഴിയുന്നത് അവന്റെ ഏകയാഗത്താൽ ആണ് എന്ന വസ്തുത അവൻ അറിഞ്ഞിരുന്നു എന്നതിനാലാണ് അവനങ്ങനെ ചെയ്യുവാൻ കഴിഞ്ഞത്.

**ആകയാൽ ലോകത്തിൽ വരുമ്പോൾ ഹനനയാഗവും വഴിപാടും നീ ഇച്ഛിച്ചില്ല. എന്നാൽ ഒരു ശരീരം നീ എനിക്ക് ഒരുക്കിയിരുന്നു. സർവ്വാംഗ ഹോമങ്ങളിലും പാപങ്ങളിലും നീ പ്രസാദിച്ചില്ല. അപ്പോൾ ഞാൻ പറഞ്ഞു ഇതാ ഞാൻ വരുന്നു, പുസ്തകച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു. ദൈവമേ, നിന്റെ ഇഷടം ചെയ്യുവാൻ ഞാൻ വരുന്നു എന്ന് അവൻ പറയുന്നു. ന്യായപ്രമാണപ്രകാരം കഴിച്ചുവരുന്ന യാഗങ്ങളും വഴിപാടുകളും സർവ്വാംഗഹോമങ്ങളും പാപയാഗങ്ങളും നീ ഇച്ഛിച്ചില്ല. അവയിൽ പ്രസാദിച്ചതുമില്ല എന്നിങ്ങനെ പറഞ്ഞശേഷം ഇതാ ഞാൻ നിന്റെ ഇഷ്ടം ചെയ്യുവാൻ വരുന്നു എന്നു പറഞ്ഞു കൊണ്ട് അവൻ രണ്ടാമത്തേതിനെ സ്ഥാപിക്കുവാൻ ഒന്നാമത്തേതിന് നീക്കികളയുന്നു.** (ഹെബ്രാ 10:5-9)

അവൻ ഇവിടെ പറയുന്നത് പുതിയ ഒരു കാര്യം സംഭവിക്കേണ്ടതിന് പഴയ രീതിയിലുള്ള, മഹാപുരോഹിതന്റെ മൃഗബലിയും ആണ്ടിലൊരിക്കൽ മാത്രമുള്ള അതിവിശുദ്ധസ്ഥലത്തേക്കുള്ള പ്രവേശനവും,

എല്ലാം നീങ്ങിപോയിരിക്കുന്നു എന്നാണ്. ഹെബ്രയാർ 10 ന്റെ 11-ാം വാക്യം ശ്രദ്ധിക്കുക. ഏത് പുരോഹിതനും ദിവസേന ശുശ്രൂഷിച്ചും പാപങ്ങളെ പരിഹരിക്കുവാൻ ഒരുനാളും കഴിയാത്ത അതേ യാഗങ്ങളെ കൂടെക്കൂടെ കഴിച്ചുംകൊണ്ട് നിൽക്കുന്നു.മൃഗങ്ങളുടെ രക്തവും യേശുവിന്റെ രക്തവും തമ്മിൽ വളരെയേറെ അന്തരമുണ്ട്. മൃഗങ്ങളുടെ രക്തം പാപത്തെ മറച്ചപ്പോൾ, **യേശുവോ പാപങ്ങൾക്കുവേണ്ടി ഏകയാഗം കഴിച്ചിട്ട് എന്നേക്കും ദൈവത്തിന്റെ വലത്തു ഭാഗത്ത് ഇരിക്കുന്നു.** (ഹെബ്രാ 10:12)

പാപം ചെയ്യുകയും ദൈവസാന്നിദ്ധ്യം നഷ്ടമാകുകയും ചെയ്യുമ്പോൾ നീതീകരണം പ്രാപിക്കുവാൻ സ്വാഭാവികമായി നിങ്ങൾക്ക് എന്താണ് ചെയ്യുവാൻ കഴിയുക? അതൊരു മനപൂർവ്വമായ പാപമായിരിക്കാം അല്ലെങ്കിൽ കൂടെക്കൂടെ ആവർത്തിക്കപ്പെടുന്ന ഒരു പാപമായിരിക്കാം. അതുമല്ലെങ്കിൽ ലഘുവായിട്ടുള്ള ഒരു തെറ്റായിരിക്കാം. നിങ്ങളെ ദൈവമുമ്പാകെ നീതീകരിക്കുവാൻ നിങ്ങൾ എന്തുചെയ്യും? അവൻ നമ്മുടെ പാപങ്ങളെ ചുമക്കുന്നവൻ, പാപത്തിനുവേണ്ടി ഏറ്റവും മഹത്തായ യാഗം അവൻ കഴിച്ചുകഴിഞ്ഞു. അവൻ നമ്മുടെ സകല പരാജയങ്ങളും ഏറ്റുവാങ്ങി എന്ന ഉറപ്പോടെ, അവന്റെ രക്തത്തിൽ ഉറച്ചു വിശ്വസിച്ചുകൊണ്ട് നമ്മുടെ കണ്ണുകൾ ദൈവത്തിലേക്ക് തിരിക്കുന്നതാണ് ശരിയായ മാനസാന്തരം. എന്റെ വിശ്വാസവും, പ്രത്യാശയും, ഉറപ്പും എന്നിൽത്തന്നെയാണെങ്കിൽ ഞാൻ ശരിക്കും പ്രതിസന്ധിയിലാണ്. എന്നാൽ എന്റെ വിശ്വാസവും ഉറപ്പും അവനിലും അവന് എന്നിൽ എന്തു ചെയ്യാൻ കഴിയും എന്നതിലുമാണെങ്കിൽ എന്നിൽ വസിക്കുന്ന ഉത്ഥിതനായ യേശുവിന്റെ ആത്മാവിലേക്ക് തിരിയുന്നതെങ്ങനെയെന്ന് എനിക്കു ഗ്രഹിക്കുവാൻ കഴിയും. എന്റെ സ്വപ്രയത്നത്താലല്ല, മറിച്ച് എന്റെയുള്ളിൽ വസിച്ചുകൊണ്ട് അവന്റെ ഹിതം ചെയ്യുവാൻ എന്നെ അധികാരപ്പെടുത്തുകയും ശക്തീകരിക്കുകയും ചെയ്യുന്ന ക്രിസ്തു മുഖാന്തരം എനിക്ക് എല്ലാം ചെയ്യുവാൻ കഴിയും എന്ന ആത്മാവിന്റെ ധൈര്യം ഞാൻ പ്രാപിക്കുന്നു.

യേശു പറഞ്ഞു: **എന്നെകൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല**. എന്നാൽ അവൻ നിങ്ങളുടെ ഉള്ളിൽ വസിക്കുന്നുവെന്ന യാഥാർത്ഥ്യം നിങ്ങളുടെ അന്തരംഗത്തെ ഭരിക്കുമ്പോൾ അവൻ നിങ്ങളിൽ നിന്നും ആഗ്രഹിക്കുന്നതെന്തും ചെയ്യുവാൻ നിങ്ങൾ പ്രാപ്തരാകും. അവൻ നിങ്ങളിൽ വസിച്ചുകൊണ്ട് നിങ്ങളിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തുവാനും രോഗികളെ സൗഖ്യപ്പെടുത്തുവാനും ജീവന്റെ ശുശ്രൂഷയിലൂടെ ജീവിതങ്ങൾ വ്യതിയാനപ്പെടുന്നത് കാണുവാനും ആഗ്രഹിക്കുന്നുവെന്ന് നിങ്ങൾ അറിയുമ്പോൾ നിങ്ങൾ ആഗ്രഹിച്ചിരുന്നതുപോലെ തന്നെ അവന്റെ ആത്മാവിൽ നിങ്ങൾ ചലിച്ചുതുടങ്ങും.

വചനത്തിലുള്ള നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കുന്നതിന് പകരം നാം നമ്മുടെ കഴിവുകൾക്ക് അധികം ഊന്നൽ നൽകുന്നു. ഏതു വിധേനയെങ്കിലും ദൈവത്തിന്റെ മുമ്പാകെ നേരാംവണ്ണം നില്ക്കണമെന്നും നാം ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതത്തിൽ ഒട്ടും പാപം ഉണ്ടാകരുതെന്നും, ദൈവത്തിൽ നിന്നും ഒരുകാരണവശാലും തെറ്റിയകലരുതെന്നും നാം അതിയായി ആഗ്രഹിക്കുന്നു. നിങ്ങളുടെ പെരുമാറ്റംകൊണ്ട് ദൈവമുമ്പാകെ നിങ്ങളെ നീതീകരിക്കാൻ നിങ്ങൾ ശ്രമിക്കുമ്പോൾ യേശുക്രിസ്തു നിങ്ങൾക്കുവേണ്ടി എന്തു നിർവഹിച്ചു എന്നത് നിങ്ങൾ ലളിതമായി വിശ്വസിക്കാതെ പോകുന്നതുകൊണ്ട് നിങ്ങളുടെ മനസ്സാക്ഷി എപ്പോഴും നിങ്ങളെ കുറ്റം വിധിച്ചുകൊണ്ടിരിക്കും.

**ഈ കാലം കഴിഞ്ഞശേഷം ഞാൻ അവരോടു ചെയ്യുവാനിരുന്ന നിയമം ഇങ്ങനെയാകുന്നു. എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും എന്ന് കർത്താവിന്റെ അരുളപ്പാട്. എന്നരുളിചെയ്തശേഷം അവരുടെ പാപങ്ങളെയും അകൃത്യങ്ങലേയും ഞാൻ ഇനി ഓർക്കുകയുമില്ല എന്ന് അരുളിചെയ്യുന്നു.** (ഹെബ്രാ 10:16)

ദൈവത്തിന് പാപം ഒരു പ്രശ്നമായിരുന്നിട്ടില്ല. പാപങ്ങളിൽ നിന്ന് വിടുതലിനു വേണ്ടി നിരന്തരമായി ഞാൻ ശ്രമിച്ചുകൊണ്ടിരുന്ന നാളുകളിൽ പാപം എനിക്ക് ഒരു പ്രശ്നം തന്നെയായിരുന്നു. അതുകൊണ്ടാണ് എനിക്ക് അതിൽ നിന്നും മോചനം ലഭിക്കുവാൻ കഴിയാതിരുന്നത്. പാപം ഒരു പ്രശ്നക്കാരനല്ല. ദൈവം പറയുന്നു ഞാൻ നിങ്ങളുടെ ഹൃദയങ്ങളിൽ എന്റെ നിയമങ്ങളെ എഴുതുകയും, നിങ്ങളുടെ ലംഘനങ്ങളെ ഓർക്കാതിരിക്കുകയും ചെയ്യും. യേശുവിന്റെ രക്തത്തിൽ കഴുകി ശുദ്ധീകരിച്ച ഒരു ദൈവിക ഹൃദയം നിങ്ങളിൽ ഉണ്ടെങ്കിൽ നിങ്ങളുടെ പാപങ്ങളെ അവൻ കാണുകപോലുമില്ല. അത് നോക്കുവാൻ അവന് ഇഷ്ടമല്ല. നിങ്ങളുടെ ആത്മാവ് നിങ്ങളിൽ ശക്തി പ്രാപിക്കുന്നതുവരെ അവൻ നിങ്ങളെ സ്നേഹിക്കുകയും, പോറ്റുകയും ചെയ്യും. നിങ്ങളുടെ ആത്മാവ് മനസ്സിലേക്ക് പ്രവഹിക്കുവാൻ തുടങ്ങുകയും കുറ്റബോധത്തിൽ നിന്ന് അത് നിങ്ങളുടെ മനസ്സാക്ഷിയെ ശുദ്ധീകരിക്കുകയും, മനസ്സ് പുതുക്കം പ്രാപിക്കുകയും ദൈവത്തെപ്പോലെ ചിന്തിക്കുവാൻ തുടങ്ങുകയും ചെയ്യും. ദൈവഹിതം ചെയ്യുവാനുള്ള പേടിയും, നിങ്ങളുടെ അപര്യാപ്തതയും അപ്പോൾ നീങ്ങിപ്പോകുകയും ചെയ്യുന്നു. നിങ്ങളിൽ വസിക്കുന്ന ദൈവാത്മാവ് നിങ്ങളുടെ സ്വാഭാവികഹിതത്തിലേക്ക് ഒഴുകി വരുകയും അതിനെ ദൈവഹിതത്തിന് കീഴ്പ്പെടുവാൻ പര്യാപ്തമാക്കുകയും ചെയ്യുന്നു. നിങ്ങൾ എത്രമാത്രം ആഗ്രഹിച്ചാലും നിങ്ങളുടെ സ്വാഭാവികഹിതത്തെ ദൈവഹിതത്തിന് കീഴ്പ്പെടുത്തുവാൻ നിങ്ങൾക്ക് കഴിയുന്നതല്ല. ദൈവത്തിന് കീഴടങ്ങാൻ വിസമ്മതിക്കുകയും ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നിങ്ങളിൽ ഉളവായി വന്നിരിക്കുന്ന പുതിയ പ്രകൃതം ഒട്ടും ഇഷ്ടപ്പെടാത്ത കാര്യങ്ങൾ ചെയ്യുവാൻ വെമ്പുന്ന ഒരു സ്വാഭാവികഹിതം നിങ്ങളെ ഭരിക്കുകയും ചെയ്യുമ്പോൾ നിങ്ങളുടെ അവസ്ഥ എത്ര ശോചനീയമെന്ന് എനിക്ക് മനസ്സിലാക്കുവാൻ കഴിയും. എന്നാൽ നിരാശപ്പെടരുത്. യേശുവിന്റെ രക്തം

നിങ്ങൾക്ക് നേടിത്തരാൻ പോകുന്ന വിജയത്തെ ഓർത്ത് സന്തോഷിക്കുക. അനുദിന ജീവിതത്തിൽ ദൈവ വചനംകൊണ്ട് എങ്ങനെ നിങ്ങളെ പോഷിപ്പിക്കാമെന്ന് പഠിക്കുക. ദൈവിക കാഴ്ചപ്പാടിലും ദൈവികവചന ത്തിന്റെ അടിസ്ഥാനത്തിലും എങ്ങനെ സംസാരിക്കാമെന്ന് പഠിക്കുക. അപ്പോൾ നിങ്ങളുടെ ശാഠ്യമുള്ള സ്വയ ഹിതം മാറുകയും ദൈവഹിതത്തിന് സമർപ്പിച്ച് നിങ്ങളുടെ ആത്മാവു ശക്തിപ്രാപിക്കുകയും ചെയ്യും.

ഉയർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ആത്മാവ് നിങ്ങളുടെ ഉള്ളിലേക്ക് പ്രവഹിക്കുമ്പോൾ ദൈവഹിതം അനുസരിക്കുകയെന്നതു എളുപ്പമായ കാര്യമായി തീരും. യേശു തന്റെ ജീവൻ നിങ്ങളിൽ ജീവിക്കുവാൻ തുടങ്ങുമ്പോൾ നിങ്ങളുടെ ക്രിസ്തീയ ജീവിതത്തിന്റെ എല്ലാ അദ്ധ്വാനങ്ങളും നീങ്ങിപോകുകയും അവൻ വാഗ്ദാനം ചെയ്ത നിറവുള്ള ജീവിതം നിങ്ങൾ ആസ്വദിക്കുവാൻ തുടങ്ങുകയും ചെയ്യുന്നു. ഞാൻ സംസാ രിക്കുമ്പോൾ, എപ്രകാരം ഞാൻ സംസാരിക്കുന്നുവോ അപ്രകാരം തന്നെ യേശു എന്റെ ഉള്ളിൽ സംസാരി ക്കുന്നു എന്ന ഉറപ്പോടെ എനിക്കു സംസാരിക്കുവാൻ കഴിയുന്നു. അവന്റെ അഭിഷേകം എന്നിൽ വാസ്ത വമായിരിക്കുന്നതിനാൽ അവന്റെ വാസവും ചലനവും അസ്തിത്വം തന്നെയും എന്നിലും ഞാൻ അവനിലും ആയിരിക്കുന്നതു കൊണ്ട് ഞാൻ വായ് തുറക്കുമ്പോൾ ദൈവത്തിന്റെ കൃപ എന്റെ നാവിൽ പകരപ്പെടു കയും ദൈവം സംസാരിക്കുകയും ചെയ്യുന്നു.

സ്വന്തം ശ്രമങ്ങൾ കൂടാതെ ഒരു ക്രിസ്ത്യാനിയായിതീരാം എന്നത് മഹനീയമായ ഒരു കാര്യമാണ്. മാനു ഷിക ജീവിതം നമ്മുടെ പ്രയത്നത്തിന്റെ ഫലമല്ല. മനുഷ്യൻ എന്ന നിലയിൽ ജീവിക്കുവാൻ നമുക്ക് അദ്ധ്വാന ത്തിന്റെ ആവശ്യമില്ല. നമ്മുടെ ആന്തരിക മനുഷ്യൻ ശക്തി പ്രാപിക്കുമ്പോൾ ഒട്ടും ശ്രമം കൂടാതെ ഒരു ക്രിസ്തീയ ജീവിതം നയിക്കാൻ നമുക്ക് കഴിയും. പ്രപഞ്ചത്തിൽ ഒരേയൊരു യഥാർത്ഥ ക്രിസ്ത്യാനിയേയുള്ളു. അതു യേശുവാണ്. അവൻ ജീവനായി നിങ്ങളുടെ ഉള്ളിൽ വരാത്തിടത്തോളം കാലം ഒരു ക്രിസ്തീയ ജീവിതം നിങ്ങൾക്കു സാദ്ധ്യമല്ല. അവൻ ജീവനായി നിങ്ങളുടെ ഉള്ളിൽ വരുകയും ചലിക്കുകയും വേണം. അതിനേ ക്കാൾ കുറഞ്ഞ എന്തെങ്കിലുമാണ് നിങ്ങളെ ജീവിപ്പിക്കുന്നത് എങ്കിൽ അത് ആത്മീയതയല്ല മത ചിന്തയാണ്. നിങ്ങൾ കുറെ നിയമങ്ങളും പ്രമാണങ്ങളും അനുസരിച്ച് ജീവിക്കാനാണ് ആഗ്രഹിക്കുന്നതെങ്കിൽ ഒരു ബുദ്ധമ താനുയായി ആയോ, സ്വയത്യാഗവും സൽപ്രവർത്തികളും അനുശാസിക്കുന്ന ഏതെങ്കിലും ഒരു മതത്തിന്റെ അനുയായി ആയോ ജീവിച്ചാൽ മതി. വീഴ്ച ഭവിച്ച സ്വഭാവിക മനുഷ്യ പ്രകൃതത്തിന് ഒരിക്കലും ദൈവത്തിന്റെ ജീവൻ ജീവിക്കാൻ സാദ്ധ്യമല്ല. ദൈവം മനുഷ്യവർക്ഷത്തിൽ ജീവിക്കുകയും അവന്റെ രാജ്യം സ്ഥാപിക്കുകയും ചെയ്യുന്ന അനുഭവമാണ് ക്രിസ്തീയത. എന്നാൽ നൂറുകണക്കിന് വർഷങ്ങളായി ക്രിസ്തീയത ഈ സത്യം മറന്നിരിക്കുകയാണ്. നമുക്ക് സ്വന്തമായി ചിലതൊക്കെ ചെയ്യണമെന്നാണ് അത് തെറ്റിധരിച്ചിരിക്കുന്നത്. എന്നാൽ നമുക്ക് അതിനു കഴിഞ്ഞിരുന്നില്ല. കാരണം വീണുപോയ മനുഷ്യന്റെ സ്വാഭാവിക പ്രകൃതിക്ക് അതു കഴിയുമാ യിരുന്നില്ല. നിങ്ങളുടെ പഴയ പ്രകൃതത്തെ തള്ളി പുറത്താക്കുന്ന ദൈവീക ജീവൻ നിങ്ങളിൽ നിറഞ്ഞുവന്ന് സ്വാഭാവിക മാനുഷിക ജീവൻ തകർക്കപ്പെടേണ്ടതുണ്ട്. ഇതു വളരെ ലളിതമാണ്. നിങ്ങൾ ദൈവവചനത്താൽ പോഷിപ്പിക്കപ്പെടുന്തോറും നിങ്ങളിൽ വസിക്കുന്ന ദൈവത്തിന്റെ അഭിഷേകം നിങ്ങളുടെ പഴയ സ്വയജീവിതത്തെ തള്ളി പുറത്താക്കുന്നു. പ്രകൃതി തന്നെയും നിങ്ങളെ പഠിപ്പിക്കുന്നത് ഇതേ പാഠം തന്നെയാണ്. വസന്തത്തിൽ വൃക്ഷങ്ങൾ പുതിയ തളിരുകൾ നാമ്പിടുമ്പോൾ പഴയ ഇലകളെല്ലാം തന്നെ കൊഴിഞ്ഞുപോയി തീർന്നിരിക്കും.

ദൈവം നിങ്ങളുടെ പാപങ്ങളെ ഓർക്കുന്നില്ലായെന്ന് പറഞ്ഞാൽ നിങ്ങൾക്ക് വിശ്വസിക്കാൻ കഴിയുമോ. നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നുവോ അതോ അപവാദിയിലോ. എന്തുകൊണ്ടാണ് ദൈവം നമ്മുടെ പാപങ്ങളെ ഓർക്കാതിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ കുഞ്ഞാട് അത് വഹിച്ചു കഴിഞ്ഞു. പാപത്തിൽ വീണാൽ അപവാദിയുടെ കുറ്റം ചുമത്തൽ ശ്രദ്ധിക്കാതെ കാൽവരിയിലെ യാഗത്തെ ഓർക്കുക. അല്ലെങ്കിൽ ദൈവത്തിന്റെ പാപക്ഷമകൊണ്ട് എന്താണ് ഗുണം. **മോചനം ഉള്ളിടത്ത് ഇനിമേൽ പാപങ്ങൾക്കുവേണ്ടി ഒരു യാഗവും ആവശ്യമില്ല.** (ഹെബ്രാ 10.18). പാപത്തിന് ഇനി വേറൊരു യാഗർപ്പണവും ഇല്ല. നമുക്ക് മറ്റൊന്നും ദൈവത്തിന് പാപങ്ങൾക്കുവേണ്ടി നൽകുവാനുമില്ല. ഏകബലി എല്ലാം നിവർത്തിച്ചുതന്നു. **അതുകൊണ്ട് സഹോ ദരന്മാരെ യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽകൂടി നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി, തന്റെ രക്തത്താൽ വിശുദ്ധ മന്ദിരത്തിലേക്കുള്ള പ്രവേശനത്തിനു ധൈര്യവും** (ഹെബ്രാ 10.19). പ്രാപിച്ചവ രായി അടുത്തു ചെല്ലുകയേ വേണ്ടൂ. പാപത്തിൽവീണ് കുറ്റം വിധിയാൽ ഭാരപ്പെടുമ്പോൾ ദൈവത്തിന്റെ പാപ ക്ഷമ സ്വീകരിച്ച് അവന്റെ അടുത്തേക്ക് വരുവാനുള്ള ധൈര്യം മാത്രമാണ് നിങ്ങൾക്ക് ആവശ്യമായിട്ടുള്ളത്.

ഇന്ന് അതിവിശുദ്ധസ്ഥലം നിങ്ങളുടെ ഉള്ളിലാണ്. ദൈവം നിങ്ങളുടെ ഉള്ളിൽ വസിക്കുന്നു. ദൈവത്തിന്റെ സാന്നിദ്ധ്യം നമ്മുടെ ഉള്ളിൽ അനുഭവിക്കുന്നത് യാഥാർത്ഥ്യമാകണമെങ്കിൽ അവനിലും അവന്റെ വചനത്തിലും വിശ്വസിക്കുകയും അവന്റെ ജീവൻ നമ്മിൽ വളരാൻ അനുവദിക്കുകയും വേണം. കറയില്ലാത്ത കുഞ്ഞാടായി യേശുക്രിസ്തു അർപ്പിക്കപ്പെടുകയും അവന്റെ രക്തം ഒഴുക്കപ്പെടുകയും ചെയ്തിരിക്കുന്നു. അവൻ നമുക്കു വേണ്ടി നിത്യമായ പ്രായശ്ചിത്തം നടത്തിയിരിക്കുന്നു. അവന്റെ ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടു ന്നവർക്ക് സദാകാലത്തേക്കും സദ്ഗുണപൂർത്തി വരുത്തിയിരിക്കുന്നു. അതി വിശിഷ്ടമായ ദൈവീക കൂട്ടായ്മ അനുഭവിക്കേണ്ടതിന് അവിടുത്തെ സന്നിധിയിലേക്കുള്ള പ്രവേശനത്തിനുള്ള ധൈര്യം എപ്പോൾ നിങ്ങൾ ആഗ്ര ഹിക്കുന്നുവോ അപ്പോൾ നിങ്ങൾക്കത് ലഭ്യമാണ്.

**എന്റെ കുഞ്ഞുങ്ങളെ നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇത് നിങ്ങൾക്ക് എഴുതുന്നു. ഒരുത്തൻ പാപം ചെയ്താൽ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുന്നു.** (1യോഹ 2.1-2)

ദൈവത്തിന്റെ അടുക്കൽ വന്നിരിക്കുന്ന നമ്മെ സംബന്ധിച്ചുള്ള ഏറ്റവും ശ്രേഷ്ടകരമായ കാര്യം നാം ഒരിക്കലും മനഃപൂർവ്വം പാപം ചെയ്യരുത് എന്നതാണ്. യോഹന്നാൻ ഇവിടെ പറയുന്നത് നാം പാപം ചെയ്തുപോയാൽ യേശുക്രിസ്തു നമ്മുടെ പാപത്തിനു പരിഹാരമായിരിക്കുന്നതുകൊണ്ട് അപവാദിയായ ശത്രുവിന്റെ കുറ്റാരോപണത്തിനും കുറ്റം വിധിക്കലിനും കീഴ്പെട്ടുപോകരുത് എന്നാണ്. നാം കുറ്റബോധത്തിനു കീഴ്പെടേണ്ടയാതൊരാവശ്യവുമില്ല. നമുക്കു കുറ്റബോധം ഉണ്ടായതുകൊണ്ടോ നമ്മുടെ ഭാഗത്തുള്ള മറ്റേതെങ്കിലും പ്രയത്നത്താലോ ദൈവമുമ്പാകെ നാം ശുദ്ധിയുള്ളവരായിത്തീരുന്നില്ല. എന്നാൽ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.

## എങ്ങനെ ജയാളിയാകാം

ജയാളിയാകുവാൻ നമുക്ക് എല്ലാവർക്കും ആഗ്രഹമുണ്ട്. നിങ്ങൾ വീണ്ടും ജനനം പ്രാപിച്ച വ്യക്തിയും ദൈവസാമീപ്യം ഏതെങ്കിലുമൊരു സമയത്ത്, യഥാർത്ഥത്തിൽ അനുഭവിച്ച ആളും എങ്കിൽ നിങ്ങൾക്ക് ജയാളിയാകുവാൻ ആഗ്രഹമുണ്ടാകും. നിങ്ങളുടെ ഉള്ളിൽ ഒരു മഹത്വമേറിയ വ്യതിയാനം സംഭവിച്ചു കഴിഞ്ഞു. നിങ്ങളുടെ പ്രകൃതത്തിനു മാറ്റം വന്നിരിക്കുന്നു. നിങ്ങൾ ദൈവത്തെ പ്രസാദിപ്പിക്കാൻ അത്യധികമായി ആഗ്രഹിക്കുന്നു. ഒരു ജയാളിയാകുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു. ജയിക്കുന്നവർക്ക് വെളിപാടു പുസ്തകത്തിൽ അനേക വാഗ്ദാനങ്ങൾ ഉണ്ട്. നമുക്കതൊന്ന് വായിക്കാം.

**ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലെ ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും.** (വെളി 2.7)

ജയിക്കുന്നവൻ ജീവവൃക്ഷത്തിൽനിന്നും ഭക്ഷിക്കും. നിങ്ങൾ ഒരു ജയാളിയാണെങ്കിൽ നിങ്ങൾക്ക് ആക്ഷരികമായി ദൈവത്തിന്റെ സന്നിധിയിലേയ്ക്ക് പ്രവേശിച്ച് അവന്റെ ജീവൻ ആവോളം ആസ്വദിക്കാൻ കഴിയും. നിങ്ങളെ ശക്തീകരിക്കുകയും പുഷ്ടിപ്പെടുത്തുകയും നിങ്ങളുടെയുള്ളിലുള്ള അവന്റെ ജീവനാൽ ജീവിക്കുവാൻ നിങ്ങളെ പ്രാപ്തരാക്കുന്ന അനുഭവം നിങ്ങൾക്കുണ്ടാകുകയും ചെയ്യും.

**ജയിക്കുന്നവന് രണ്ടാം മരണത്തിൽ ദോഷം വരികയില്ല.** (വെളി 2.11)

**ജയിക്കുന്നവന് ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും.** (വെളി 2.17)

മറഞ്ഞിരിക്കുന്ന മന്ന വലിയൊരു വിരുന്നാണ്. നിങ്ങൾ ഒരു ജയാളിയാണെങ്കിൽ നിങ്ങൾ ദൈവത്തിന് ഏറ്റം പ്രിയങ്കരനായിരിക്കും. ആഴമേറിയതും മറഞ്ഞിരിക്കുന്നതും മറ്റുള്ളവരോടു നിങ്ങൾക്കു പങ്കുവെയ്ക്കുവാൻ കഴിയാത്തതും വളരെ കുറച്ചു പേർക്കു മാത്രം ഗ്രഹിക്കുവാൻ കഴിയുന്നതുമായ കാര്യങ്ങൾ അവൻ നിങ്ങൾക്കു വെളിപ്പെടുത്തും. നിങ്ങൾ ഒരു ജയാളിയാണെങ്കിൽ ആഴത്തിൽ മറഞ്ഞിരിക്കുന്ന ദൈവീക മർമ്മങ്ങളെ നിങ്ങൾക്ക് തൃപ്തിവരുവോളം ആസ്വദിക്കാനാകും. നിത്യമായ ദൈവീക പദ്ധതിയിലേക്ക് ആത്മാവു നിങ്ങളെ നടത്തുവാനാരംഭിക്കും.

**ജയിക്കുകയും ഞാൻ കല്പിച്ച പ്രവർത്തികളെ അവസാനത്തോളം അനുഷ്ഠിക്കുകയും ചെയ്യുന്നവന് എന്റെ പിതാവ് എനിക്കു തന്നതുപോലെ ജാതികളുടെ മേൽ അധികാരം കൊടുക്കും. അവൻ ഇരുമ്പു കോൽകൊണ്ട് അവരെ മേയിക്കും.** (വെളി 2.26)

ഒരു വിശ്വാസിയുടെ അധികാരത്തെ സംബന്ധിച്ച് വളരെയധികം ചർച്ചകളും പഠനങ്ങളും ഇക്കാലത്ത് നടക്കുന്നുണ്ട്. എന്നാൽ നിങ്ങൾ ഒരു ജയാളിയല്ലെങ്കിൽ ദൈവത്തിന്റെ അധികാരം കൈകാര്യം ചെയ്യുവാൻ നിങ്ങൾക്കു സാദ്ധ്യമല്ല.

**ജയിക്കുന്നവൻ വെള്ളയുടുപ്പു ധരിക്കും. അവന്റെ പേർ ഞാൻ ജീവപുസ്തകത്തിൽനിന്നും മായിച്ചുകളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏറ്റു പറയും.** (വെളി 3.5)

**ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും. അവൻ ഒരിക്കലും അവിടെനിന്നു പോകുകയില്ല. എന്റെ ദൈവത്തിന്റെ നാമവും എന്റെ ദൈവത്തിന്റെ പക്കൽനിന്നു സ്വർക്ഷത്തിൽനിന്നു തന്നെ ഇറങ്ങുന്ന പുതിയ യെരുശലേം എന്ന എന്റെ ദൈവത്തിന്റെ നഗരത്തിന്റെ നാമവും എന്റെ പുതിയ നാമവും ഞാൻ അവന്റെ മേൽ എഴുതും.** (വെളി 3.12)

നാം ഇന്ന് ദൈവത്തിന്റെ ആലയമാണ്. ക്ഷീണിതരും നിരാശിതരും പരാജിതരും ആകുന്നതിനു പകരം നാം ദൈവമഹത്വം നിറഞ്ഞ തൂണുകളായിത്തീരും. ജയാളികൾക്ക് തങ്ങളുടെ അന്തരാത്മാവിൽനിന്നു ദൈവത്തിന്റെ സൗന്ദര്യവും മനോഹാരിതയും പ്രകാശിപ്പിക്കുവാൻ കഴിയും. അവർക്ക് ദൈവാത്മാവിൽ സംസാരിക്കുവാനും

ദൈവജനത്തിന്റെ ഹൃദയങ്ങളിൽ എഴുതുവാനും അനേകർക്ക് രൂപാന്തരം വരുത്തുവാനും കഴിയും. ദൈവത്തോട് ഉറ്റബന്ധത്തിലായി തീരുവാനുള്ള ആഗ്രഹം മനുഷ്യഹൃദയങ്ങളിൽ ഉളവാക്കുവാൻ ജയാളികൾക്കു കഴിയും. അവന്റെ നാമം നിങ്ങളിൽ എഴുതും എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അവന്റെ സ്വഭാവം നിങ്ങളുടെ ഹൃദയങ്ങളിൽ എഴുതും എന്നാണ്. ദൈവം താനായിരിക്കുന്നതുപോലെ തന്നെത്തന്നെ വെളിപ്പെടുത്തുന്ന ദൈവത്തിന്റെ നഗരമായി പണിയപ്പെടുന്ന ഏകോപിത സമൂഹം എന്നുള്ള ദൈവീക ദർശനത്തോട് ഏകീഭവിച്ചിരിക്കുന്ന അവസ്ഥയെയാണ് ദൈവത്തിന്റെ നഗരത്തിന്റെ നാമം എഴുതപ്പെടും എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

**ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിക്കുവാനും വരം നൽകും. ഞാനും ജയിച്ച് എന്റെ പിതാവിനോടു കൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെ തന്നേ.** (വെളി. 3.21). ദൈവത്തിന്റെ സിംഹാസനം എന്താണ്? ഒരിക്കൽ നാം എല്ലാവരും അണിനിരക്കാൻ പോകുന്ന ആക്ഷരികമായ ഇരിപ്പിടമാണോ അത്? നമ്മുടെ ബുദ്ധിയിലും ചിന്തയിലും പിതാവിന്റെ ജീവിതം പൂർണ്ണ അധികാരം പിടിച്ചെടുക്കുകയും രാജകീയമായ ഒരു ജീവിതത്തിന്റെ അനുഭവം പ്രദാനം ചെയ്യുകയും ചെയ്യുന്നതാണ് ആ രാജകീയ സിംഹാസനം.

ഈ വാഗ്ദത്തങ്ങൾ മരണാനന്തരം നമുക്ക് ലഭിക്കാൻ പോകുന്ന ചിലതല്ല. ഇപ്പോൾ തന്നെ അനുഭവിക്കാൻ കഴിയുന്നതാണ്. ഒരു ജയാളിയാകണമെന്നും ഈ വാഗ്ദത്തങ്ങളുടെ വിരുന്നിന് പങ്കാളിയാകണമെന്നും ഞാൻ പറയുമായിരുന്നു. ദൈവത്തിന്റെ ആത്മാവ് എന്നിൽ കത്തിപടരുവാനും ഒരു ജയാളിയായിതീരുവാനും ഞാൻ അത്യധികം ആഗ്രഹിച്ചിരുന്നു. എന്നാൽ എനിക്ക് ഇതിനെക്കുറിച്ചുണ്ടായിരുന്ന ആശയം, ഇത് ഒരിക്കലും പാപം ചെയ്യാത്ത, ശരിമാത്രം ചെയ്യുന്ന ഒരു വ്യക്തിക്ക് മാത്രം ഉള്ളതാണെന്നതാണ്. നിങ്ങളും ഇങ്ങനെയാണ് കരുതുന്നതെങ്കിൽ ഒരിക്കലും ഒരു ജയാളിയാകാൻ കഴിയുകയില്ല. ഒരു ജയാളിയാകുവാൻ നിങ്ങളുടെ കഴിവുകളിൽ ആശ്രയിക്കുന്നുവെങ്കിൽ ഒരിക്കലും നിങ്ങൾക്കതിനു കഴിയുകയില്ല. അനുദിന ജീവിതത്തിൽ പടിപടിയായി രൂപാന്തരം പ്രാപിക്കുന്ന വ്യക്തിയാണ് ഒരു ജയാളി.

## രക്തം അപവാദിക്കുള്ള ഉത്തരം

**അപ്പോൾ ഞാൻ സ്വർക്ഷത്തിൽ ഒരു ശബ്ദം കേട്ടതു, ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും ക്രിസ്തുവിന്റെ ആധിപത്യവും തുടങ്ങിയിരിക്കുന്നു. നമ്മുടെ സഹോദരന്മാരെ രാപകൽ കുറ്റം ചുമത്തുന്ന അപവാദിയെ തള്ളിയിട്ടു കളഞ്ഞുവല്ലോ. അവർ അവന്റെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു.** (വെളി 12. 10-12)

ജയാളിയാകുന്നത് എത്ര എളുപ്പമായ കാര്യമാണെന്ന് അറിഞ്ഞു നിങ്ങൾ വിസ്മയിച്ചേക്കാം. ക്രിസ്തീയ ജീവിതത്തിന്റെ ഉത്തരവാദിത്വമിരിക്കുന്നത് നമ്മുടെ ജഡിക പ്രകൃതിയിലും പ്രാകൃതിക കഴിവുകളിലുമല്ല. നമ്മുടെ ഉള്ളിലുള്ള പരിശുദ്ധാത്മാവിന്റെ ഉത്തരവാദിത്വമാണ് നമ്മുടെ ക്രിസ്തീയ ജീവിതം എന്നു നാം ഗ്രഹിച്ചേ മതിയാകൂ. എല്ലാ അവസ്ഥകൾക്കും, എല്ലാ സാഹചര്യങ്ങൾക്കും മതിയായവനും നമ്മെ എപ്പോഴും വീഴാതെ നിർത്തുവാൻ കഴിയുന്നവനുമായവന്റെ മേൽ നമ്മുടെ സകല വിശ്വാസവും പ്രത്യാശയും ആശ്രയവും നാം വച്ചേ മതിയാകൂ. ക്രിസ്തീയ ജീവിതത്തിന്റെ ഉത്തരവാദിത്തം എന്റെ ജഡപ്രകൃതിയിലോ എന്റെ കഠിന പരിശ്രമത്തിലോ, എനിക്കു ചെയ്യുവാൻ സാധിക്കുന്നതിലോ അല്ല, മറിച്ച് വിശുദ്ധീകരിക്കപ്പെടുന്നവരുടെ ഇടയിൽ നമുക്കൊരവകാശം നൽകുവാൻ കഴിയുന്നവന്റെ പക്കലാണ്. **ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും വന്നിരിക്കുന്നു.** എന്ന് വെളിപാട് 12. 10 ൽ പറയുന്നു. നിങ്ങൾ വെളിപാടു പുസ്തകം വായിക്കുമ്പോൾ ഭാവിയിലേക്കല്ല നിങ്ങൾ നോക്കേണ്ടത്. വെളിപാടു പുസ്തകത്തിന്റെ ആത്മീക വ്യാഖ്യാനം നിങ്ങൾ കാണുവാൻ തുടങ്ങുമ്പോൾ ക്രിസ്തു നിങ്ങളിൽ വെളിപ്പെടുന്ന അനുഭവമായി നിങ്ങൾ അതിനെ കാണും. ഭാവിയിൽ നടക്കാനിരിക്കുന്ന ഒരു അനുഭവമായിട്ടതിനെ കാണരുത്. **ഇപ്പോഴാണ് രക്ഷ. ഇതു രക്ഷാദിവസം. ഇപ്പോൾ നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നുവെങ്കിൽ**. ഇപ്പോൾ അവന്റെ വെളിപാട് നിങ്ങൾക്ക് സ്വീകരിക്കാൻ കഴിഞ്ഞാൽ. ദൈവീകരാജ്യവും ക്രിസ്തുവിന്റെ ആധിപത്യവും ഇപ്പോഴാണ്. പാപം ചെയ്യുമ്പോൾ ദൈവത്തിൽനിന്നും വേർപെട്ടവരായും നിങ്ങളുടെ മനസാക്ഷിയിൽ കുറ്റബോധം ഉള്ളവരായും ശത്രുവിന്റെ കുറ്റാരോപണങ്ങൾക്കു വിധേയപ്പെട്ടവരായും നിങ്ങൾക്കനുഭവപ്പെടും എന്നാണ് നാമിപ്പോൾ കണ്ടത്. യേശുവിന്റെ രക്തം ദൈവീക കൂട്ടായ്മയിലേക്കു നിങ്ങളെ യഥാസ്ഥാനപ്പെടുത്തുകയും നിങ്ങളുടെ മനസാക്ഷിയെ ശുദ്ധീകരിക്കുകയും ശത്രുവിന്റെ ആരോപണങ്ങൾക്ക് മറുപടി കൊടുക്കുകയും ചെയ്യുന്നു.

## ജയം കുഞ്ഞാടിന്റെ രക്തത്താൽ

സ്വന്തം ശ്രമങ്ങൾ കൊണ്ട് ജയാളിയാകുവാൻ കഴിയുമെന്ന് എത്രയോ തവണ നിങ്ങൾ മനസ്സിൽ കരുതിയിട്ടുണ്ട്. ജഡിക മനസ്സ് വഞ്ചനാത്മകമാണ്. ക്രിസ്ത്യാനികൾ കുറ്റബോധത്തിന് അടിമകളാണ്. എങ്ങനെയെങ്കിലും ദൈവത്തെ അനുസരിക്കാൻ തക്കവിധം അവരുടെ ജഡത്തെ മെരുക്കിയെടുക്കേണ്ടതുണ്ട് എന്ന് അവർ കരുതുന്നു. നിങ്ങൾ ദൈവത്തെപോലെയാകണം. എന്നുള്ള കുറ്റംവിധി അവർ എപ്പോഴും കേട്ടുകൊണ്ടിരിക്കുന്നു. ദൈവാനുരൂപമാകുവാൻ നിങ്ങൾ കിണഞ്ഞു ശ്രമിക്കുകയാണെങ്കിൽ ഒരു കാര്യം തീർച്ച: നിങ്ങൾ ജഡികാവസ്ഥയിൽ

തന്നെയാണ്. കോടാനുകോടി ക്രിസ്ത്യാനികൾ ജഡത്തിൽ പോരാടുകയാണ്. കാരണം ദൈവം അവർക്കുവേണ്ടി ചെയ്തതെന്തെന്ന് അവർ മനസ്സിലാക്കുന്നില്ല.

നിങ്ങൾ എന്താണ് എന്ന് ദൈവം പറയുന്നത് നിങ്ങൾ അറിയുമ്പോൾ നിങ്ങൾ ജഡത്തിൽനിന്നുള്ള അദ്ധ്വാനങ്ങളിൽ നിന്നും സ്വതന്ത്രരാകും. ഞാൻ വീണ്ടും ആവർത്തിക്കുന്നു, ദൈവം എന്താകുന്നുവോ അതു പൂർണ്ണരൂപത്തിൽ ഉൾക്കൊള്ളുവാനും പ്രകടിപ്പിക്കുവാനും കഴിയുന്ന പാത്രമായിട്ടാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതു നാം പ്രാപിക്കുന്നത് നമ്മുടെ കഴിവുകളല്ല, ദൈവത്തിന്റെ ദാനമായാണ്. യേശുവിന്റെ രക്തത്തിൽ വിശ്വസിക്കമാത്രം മതി. **ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്ക് സദാകാലവും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു.** (എബ്രാ 10.14). നിങ്ങളിൽ യേശു ഉള്ളതുകൊണ്ടാണ് നിങ്ങൾ ശുദ്ധീകരിക്കപ്പെടുന്നത്. അല്ലാതെ നിങ്ങൾ എന്തെങ്കിലും ചെയ്തതുകൊണ്ടല്ല. പൗലോസ് അപ്പോസ്തോലൻ പറയുന്നു: **ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു**. യേശു എന്നിൽ ജീവിക്കുന്നു. എനിക്കു ജീവിതം ക്രിസ്തുവത്രെ. എന്റെ പട്ടണത്തിൽ തെരുവീഥികളിൽകൂടി ഞാൻ നടക്കുമ്പോൾ യേശു വീണ്ടും ഒരു മനുഷ്യശരീരത്തിൽ നടക്കുന്നു. ഒരാളിന്റെ ശിരസ്സിൽ ഞാൻ കൈകൾ വയ്ക്കുമ്പോഴും ശുശ്രൂഷിക്കുമ്പോഴും മനുഷ്യകുലത്തെ വീണ്ടും സ്പർശിക്കുവാനും അവരെ യഥാസ്ഥാനപ്പെടുത്തുവാനും ദൈവത്തിന് ഒരവസരം ലഭിക്കുകയാണ്. **അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായും ജയിച്ചു** (വെളി 12.11). അവരുടെ പ്രവർത്തികളാൽ അവർ അവനെ ജയിച്ചില്ല, അവർ ചെയ്തതിനെ ന്യായീകരിച്ചുകൊണ്ട് അവർ അവനെ ജയിച്ചില്ല. സ്വയനീതിയാലും അവർ അവനെ ജയിച്ചില്ല. **അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായും ജയിച്ചു. മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല.** "Psuche" എന്ന ഗ്രീക്കുപദമാണ് ഇവിടെ പ്രാണൻ എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത്. സ്വയജീവിതം എന്നാണ് ഈ വാക്കിനർത്ഥം.

അവർ അവനെ ജയിച്ചത് കുഞ്ഞാടിന്റെ രക്തത്തിലുള്ള വിശ്വാസത്താലാണ്. യേശുവിന്റെ രക്തത്തെ കുറിച്ചുള്ള ഒരു വെളിപാട് നിങ്ങൾക്കുണ്ടെങ്കിൽ പാപം കുഞ്ഞാടിന്റെ രക്തത്തെക്കാൾ വലുതല്ല എന്നു നിങ്ങൾ ഗ്രഹിക്കും. എപ്പോഴെല്ലാം എനിക്കു പാപക്ഷമ ആവശ്യമാണോ അപ്പോഴെല്ലാം ദൈവം പാപക്ഷമ നൽകുവാൻ സന്നദ്ധനും അതിനു കഴിവുള്ളവനും ആണെന്നുള്ള കാര്യം എന്റെ പാപത്തിന്റെ വലിപ്പത്തേക്കാൾ വലുതാണ്. ദൈവത്തെ ആരാധിക്കുവാൻ എന്റെ മനസാക്ഷിയെ പ്രാപ്തമാക്കുന്ന കുഞ്ഞാടിന്റെ രക്തത്തിന്റെ ശുദ്ധീകരണ ശക്തിയെ പരിമിതപ്പെടുത്തുവാൻ എന്റെ മനസാക്ഷിയുടെ കുറ്റബോധത്തിന് കഴിയുകയില്ല. കുറ്റമില്ലാത്ത ഒരു മനസാക്ഷിയോടെ എനിക്കു ജീവിക്കാൻ കഴിയും. ഞാൻ എപ്പോഴും ശരിയായി ജീവിക്കുന്നതുകൊണ്ടോ ശരിയായി പ്രവർത്തിക്കുന്നതുകൊണ്ടോ ഒരിക്കലും പാപം ചെയ്യാതിരിക്കുന്നതുകൊണ്ടോ അല്ല, മറിച്ച് യേശുവിന്റെ രക്തം മുഖാന്തരം എനിക്കു പൂർണ്ണശുദ്ധി പ്രാപിക്കാൻ കഴിയും.

## അവരുടെ സാക്ഷ്യവചനം

**കുഞ്ഞാടിന്റെ രക്തത്താലും അവരുടെ സാക്ഷ്യവചനത്താലും** അവർ പിശാചിന്റെ മേൽ ജയാളികളായി.. എന്താണ് നിങ്ങളുടെ സാക്ഷ്യവചനം? ഒരു ക്രിസ്ത്യനിയെന്നനിലയിൽ നിങ്ങൾക്കു ചെയ്യാവുന്ന ഏറ്റവും പ്രധാനകാര്യം ഒരു നല്ലസാക്ഷ്യം ഉളവാക്കുക എന്നതാണ്. നിങ്ങൾ അപവാദിയെ ജയിക്കുന്നതു രക്തത്താലും നിങ്ങളുടെ സാക്ഷ്യത്താലും ആണ്. അപവാദി നിങ്ങളെ കുറ്റപ്പെടുത്തുമ്പോൾ എന്ത് മറുപടിയാണ് നിങ്ങൾക്കുള്ളത്? കുറ്റപ്പെടുത്തുമ്പോൾ കുറ്റബോധത്തിന് അടിമയാകുകയാണോ ചെയ്യുന്നത്? നിങ്ങളുടെ അപവാദി നിങ്ങളുടെ മേൽ കൊണ്ടുവരുവാനാഗ്രഹിക്കുന്ന ക്ഷീണവും നിരാശയും നിങ്ങൾ അനുഭവിക്കുന്നുണ്ടോ? **ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ട് ആട്ടുകൊറ്റന്മാരുടെയും പശുകിടാങ്ങളുടെയും രക്തത്താലല്ല, സ്വന്തരക്തത്താൽ തന്നെ ഒരിക്കലായിട്ടു വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ച് എന്നേക്കുള്ളോരു വീണ്ടെടുപ്പു സാധിച്ചു.** (എബ്രാ 9. 11,12). യേശുവാണെന്റെ മഹാപുരോഹിതൻ. അവൻ തന്റെ കറയില്ലാത്ത, പാപമില്ലാത്ത രക്തം അതിവിശുദ്ധസ്ഥലത്തു കൊണ്ടുചെന്നിട്ട് പാപത്തെ എന്നന്നേക്കുമായി നീക്കം ചെയ്തു. **ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.** (യോഹ 1.29). യേശുവിന്റെ രക്തത്തിന്റെ വിലയറിഞ്ഞു കഴിഞ്ഞാൽ പിന്നെ എനിക്കെങ്ങനെ ശിക്ഷാവിധിയിൻ കീഴിൽ തുടരുവാനാകും? ദൈവമുമ്പാകെ സത്യസന്ധതയോടെ വരുന്നതാണ് എത്രയും പ്രധാനമായ കാര്യം. ഞാൻ പരാജയപ്പെട്ടേക്കാം; ചെയ്യരുത് എന്ന് എനിക്ക് നിശ്ചയമായിട്ടും അറിയാവുന്ന ഒരു കാര്യം ഞാൻ ചെയ്തെന്നിരിക്കാം. തെറ്റായ തീരുമാനങ്ങൾ ചിലപ്പോഴെങ്കിലും എടുക്കാത്ത ഏതെങ്കിലും വ്യക്തികൾ ഉണ്ടെന്ന് ഞാൻ കരുതുന്നില്ല്. എപ്പോഴും ശരിയായ തെരഞ്ഞെടുപ്പുകൾ നടത്തുന്നതുകൊണ്ടല്ല ഞാൻ ദൈവമുമ്പാകെ നീതീകരിക്കപ്പെടുന്നത്. യേശുവിന്റെ സ്വയ അർപ്പണത്താലാണ് ഞാൻ നീതീകരിക്കപ്പെടുന്നത്.

## പാപബോധം

ദൈവം ആഗ്രഹിക്കുന്നത് ചെയ്യാൻ നിങ്ങൾക്ക് കഴിയാത്തവിധം നിരാശയും, പരാജയവും കുറ്റബോധവും മനസ്സിൽ തോന്നുന്ന അനുഭവമാണ് പാപബോധം. പാപബോധവും കുറ്റബോധവും മനസ്സിൽനിന്ന് നീക്കുവാൻ കഴിഞ്ഞാൽ നിങ്ങൾക്ക് ആത്മാവിന്റെ ശക്തിയാൽ ജീവൻ പ്രാപിക്കുവാൻ കഴിയും. ദൈവജനത്തിന്റെ ഉള്ളിൽനിന്ന്

പാപബോധം, കുറ്റബോധം, ശിക്ഷാവിധിയിൻ കീഴിലാണെന്ന തോന്നൽ എന്നിവയെ നീക്കുവാൻ കഴിഞ്ഞാൽ ആത്മാവിന്റെ ശക്തിയാൽ അവർക്കു ജീവിക്കുവാൻ കഴിയും.

ദൈവത്തിന്റെ നിലവാരത്തിനൊത്തുയരുവാനുള്ള വെമ്പലിൽ നമ്മുടെ ജഡത്തിൽ (സ്വാഭാവിക കഴിവിൽ) ആശ്രയം വയ്ക്കാതെ അവന്റെ പാപക്ഷമയിൽ ആശ്രയം വയ്ക്കുമ്പോൾ നാം കർത്താവിന്റെ സന്തോഷത്തിൽ ജീവിക്കുവാനാരംഭിക്കും. നിങ്ങളുടെ മനസാക്ഷിയിലേക്ക് കുറ്റാരോപണങ്ങൾ വരുമ്പോൾ നിങ്ങളുടെ സാക്ഷ്യ വചനത്താൽ മറുപടി പറയുക. "*ശരിയാണ്, ഞാൻ പരാജയപ്പെട്ടു. ചെയ്യരുത് എന്ന് എനിക്കറിയാമായിരുന്ന ഒരു കാര്യം മനഃപൂർവ്വം ഞാൻ ചെയ്തു. ഞാൻ തെറ്റായ ഒരു തെരഞ്ഞെടുപ്പു നടത്തി. എന്നാൽ എനിക്ക് യേശു വിന്റെ രക്തമുണ്ട്. പിതാവെ, അവിടുത്തെ കൃപയാലും എന്റെയുള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തി യാലും ഞാനിനിയത് ആവർത്തിക്കുകയില്ല*". എന്റെ മനസാക്ഷിയിൽനിന്നും കുറ്റം നീക്കപ്പെടുന്നു. ഇതു സംഭ വിക്കുന്നത് ഞാൻ ശരിയായിട്ടു പ്രവർത്തിച്ചതുകൊണ്ടല്ല മറിച്ച് യേശുവിന്റെ രക്തത്തിന്റെ വില ഞാനറിഞ്ഞതു കൊണ്ടാണ്. ദൈവസാന്നിദ്ധ്യത്തിലേക്ക് ധൈര്യപൂർവ്വം കടന്നുവരുവാനും അവന്റെ പൂർണ്ണതയിൽ അവനെ അനുഭവിക്കുവാനും എനിക്കു സാധിക്കുന്നു. ഓ, നിങ്ങളുടെ പ്രത്യാശയെല്ലാം നഷ്ടപ്പെടുമ്പോൾ, നിങ്ങൾക്കിനി യൊന്നും ചെയ്യുവാൻ സാദ്ധ്യമല്ല എന്നു നിങ്ങൾ വിചാരിക്കുമ്പോൾ, നിങ്ങൾക്കു ചെയ്യുവാൻ കഴിയുന്ന അത്ഭു തകരമായിരിക്കുന്ന ഒരു കാര്യം നിങ്ങളിൽതന്നെ കേന്ദ്രീകരിച്ചിട്ടുള്ള നിങ്ങളുടെ ദൃഷ്ടി കുഞ്ഞാടിന്റെ രക്തത്തി ലേക്കു തിരിക്കുകയും അവനാണ് നിങ്ങളുടെ പാപം വഹിക്കുന്നതെന്നും നിങ്ങളിനിമേൽ കുറ്റവും ശിക്ഷാവി ധിയും അനുഭവിക്കേണ്ട എന്നു തിരിച്ചറിയുകയുമാണ്. യേശുവിന്റെ രക്തം പാപത്തിനും കുറ്റബോധത്തിനും ശത്രുവിന്റെ കുറ്റാരോപണത്തിനും മതിയായ പരിഹാരം വരുത്തുന്നു. **അവരുടെ സാക്ഷ്യവചനത്താൽ അവർ ജയിച്ചു.** കുറ്റാരോപണത്തോടും കുറ്റബോധത്തോടും നിങ്ങൾ ഒരിക്കലും "ഉവ്വ്" എന്നു പറയരുത്. ദൈവവചന ത്തിൽ അടിസ്ഥാനപ്പെട്ട ഒരു സാക്ഷ്യവചനം നിങ്ങൾ രൂപപ്പെടുത്തുകയും ആ വചനത്തെ നിങ്ങൾ സംസാരി ക്കുകയും ചെയ്യുക. നിങ്ങൾക്കു ലഭിച്ച പാപക്ഷമയേയും പാപം ക്ഷമിക്കുവാനുള്ള നിങ്ങളുടെ പിതാവായ ദൈവ ത്തിന്റെ സന്നദ്ധതയേയും അവനതിനുള്ള കഴിവിനേയും അവന്റെ മാഹാത്മ്യത്തേയും പ്രസ്താവിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ പാപത്തെ നോക്കുന്നില്ല. അവന്റെ കണ്ണുകൾക്ക് തിന്മയായ തിനെ നോക്കുവാൻ സാധ്യമല്ല. അവൻ യേശുവിന്റെ രക്തത്തെ കാണുന്നു. നിങ്ങളും നിങ്ങളുടെ പാപത്തെ നോക്കുന്നതിനു പകരം യേശുവിന്റെ രക്തത്തെ നോക്കിയാൽ നിങ്ങളെ ഒരു ദൈവമകൻ ആക്കിതീർക്കുവാൻ പര്യാപ്തമായ പരിശുദ്ധാത്മശക്തി നിങ്ങൾ അനുഭവിക്കും. **അവനെ കൈകൊണ്ട് അവന്റെ നാമത്തിൽ വിശ്വ സിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു.** (യോഹ 1.12).

ഈ കാര്യങ്ങൾ ധ്യാനിക്കുകയും ഈ സത്യങ്ങൾ വെളിപ്പെടുത്തിതരുവാൻ പ്രാർത്ഥിക്കുകയും ചെയ്യുക. നിങ്ങളുടെ പരാജയങ്ങളിൽ അധികശ്രദ്ധ ചെലുത്തുന്നത് നിർത്തുക. നിങ്ങളെ സ്വതന്ത്രനാക്കുവാൻ ശക്തനാ യവനെത്തന്നെ ധ്യാനിക്കുക. പിന്നീട് ഒരിക്കലും കുറ്റബോധത്തിൽ തുടരേണ്ട കാര്യം നിങ്ങൾക്കുണ്ടാവില്ല. രക്തം എല്ലാ പാപങ്ങളെയും കഴുകുന്നുവെന്ന പൂർണ്ണ ഉറപ്പുള്ളവരായി നിങ്ങൾ തീരുന്നു. നിങ്ങളുടെ സാക്ഷ്യവ ചനങ്ങളാൽ അത് ഉറപ്പു വരുത്തുകയും ചെയ്യുന്നു. നിങ്ങളുടെ സാക്ഷ്യവചനം ശത്രുവിനെ നിശ്ശബ്ദനാക്കുന്നു. **മരണപര്യന്തം (അവർ) തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല.** (വെളി 12.11).

യേശുവിന്റെ രക്തത്തെ വിലമതിക്കുക അപ്പോൾ **ആത്മാവിനാൽ ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പി ക്കുന്നത്** (റോമ 8.13). എങ്ങനെയെന്ന് നിങ്ങൾ ഗ്രഹിക്കും. സ്വപ്രയത്നത്താൽ നിങ്ങൾക്ക് ദൈവത്തോട് പൊരു ത്തപ്പെടുവാൻ കഴിയില്ല. ദൈവത്തിന്റെ നീതി നിവർത്തിക്കുവാൻ യേശുവിന്റെ രക്തത്തിനു മാത്രമേ കഴിയൂ. നിങ്ങൾ പാപം ചെയ്ത് ദൈവതേജസില്ലാത്തവരായി തീർന്നു. എന്നാൽ യേശുവിന്റെ രക്തമാകട്ടെ ദൈവത്തെ സംതൃപ്തനാക്കുന്നു. നിങ്ങളുടെ മനസാക്ഷി കുറ്റം വിധിക്കു കീഴിലായിരിക്കാം. എന്നാൽ ദൈവത്തിന്റെ വച നത്തെ നിങ്ങൾ വിശ്വസിക്കുന്നതുകൊണ്ട് യേശുവിന്റെ രക്തം അതിനെ ശുദ്ധീകരിക്കുന്നു. നിങ്ങളുടെ ഓരോരോ പാപത്തെയും യേശുവിന്റെ രക്തം ശുദ്ധീകരിക്കുന്നു എന്ന അറിവ് നിങ്ങൾക്ക് ധൈര്യവും ആത്മവിശ്വാസവും പകർന്നു തരുന്നു. നിങ്ങളുടെ വാക്കുകൾ ഈ കാര്യങ്ങൾക്ക് സാക്ഷ്യം വഹിക്കുകയും നിങ്ങളുടെ ശത്രുവിന്റെ അപവാദശരങ്ങളെ ചെറുക്കുകയും ചെയ്യുന്നു.

ദൈവത്തിന്റെ വചനത്തിലും തന്റെ മുമ്പാകെ നിങ്ങളെ നിർത്തുവാൻ അവനുള്ള കഴിവിലും ഉള്ള വിശ്വാസ ത്തിൽ നിങ്ങൾ അടിസ്ഥാനപ്പെട്ടിരിക്കുന്നതുകൊണ്ട് സന്തോഷവും ദൈവത്തോടു കൂട്ടായ്മയുമുള്ള ഒരു ജീവി തത്തിലേക്ക് വരുവാൻ നിങ്ങൾക്ക് കഴിയും.

!!! ദൈവം നിങ്ങൾക്കനുകൂലമെങ്കിൽ ആർ നിങ്ങൾക്കു പ്രതികൂലം !!!